# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കറുമാത്തുര് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി.3/321/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 06/05/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കറുമാത്തൂര് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കറുമാത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കറുമാത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്‌തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി.3/321/22 തീയ്യതി: 06/05/2022

## കണ്ണൂർ ജില്ലയിലെ കറുമാത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കറുമാത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 51 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 48 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു.പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 16-02-2022 | 25-02-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-02-2022 | 25-02-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.ഷൈമകുമാരി.എസ്.എൽ, ഓഡിറ്റ് ഓഫീസർ
ശ്രീ.ഷഹീൻ .പി,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.നിഷ കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.നിഖില.എ.എം, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഐ.വി നാരായണൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.രാമകൃഷ്ണൻ.കെ. | സെക്രട്ടറി | 01-04-2019 | 24-12-2019 |
| | | 25-12-2019 | 29-12-2019 |

| | | | |
|---|---|---|---|
| ജിതേഷ്.പി.കെ. | സെക്രട്ടറി | | |
| വിനോദ്.എം.പി. | സെക്രട്ടറി | 30-12-2019 | 31-03-2020 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജിതേഷ് .പികെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി.ബിന്ദ്യ.കെ.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.സ്നേഹേഷ്.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-08-2019 |
| ശ്രീമതി.അൽഫോൻസജോസഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-09-2019 | 31-01-2020 |
| ശ്രീ.ഡിജേഷ്.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-02-2020 | 31-03-2020 |
| ഡോ.അനുമോൾ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശോഭന.കെ.എം | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ജോമിലി ജോസ് | കൃഷി ഓഫീസർ | 01-04-2019 | 01-11-2019 |
| ശ്രീ.രാമകൃഷ്ണൻ മാവിലാ വീട് | കൃഷി ഓഫീസർ | 02-11-2019 | 31-03-2020 |
| ശ്രീമതി.ജയമിനി.കെ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-12-2019 |
| ശ്രീമതി.ശൈലജ.പി.പി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-01-2020 | 31-03-2020 |
| ശ്രീ.കമാലുദ്ദീൻ.എൻ.പി. | വി.ഇ.ഒ., പന്ന്യന്നൂർ സർക്കിൾ | 01-04-2019 | 31-03-2020 |
| ശ്രീമതി.ബിന്ദു.എം.പി. | വി.ഇ.ഒ, കുറുമാത്തൂർ സർക്കിൾ | 01-04-2019 | 31-03-2020 |
| ഡോ.സിനി.എൻ. | മെഡിക്കൽ ഓഫീസർ, PHC | 01-04-2019 | 31-03-2020 |
| ഡോ.ഹന.പി.പി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shyma Kumari S.L (Audit Officer, On 23-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Shyma Kumari S.L (Audit Officer, On 25-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 08-04-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ<br>Written By: Shyma Kumari S.L (Audit Officer, On 02-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 06-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസിപ്റ്റ് & പേമെന്റ് പ്രകാരം)<br>Written By: Shyma Kumari S.L (Audit Officer, On 26-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 08-04-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Shyma Kumari S.L (Audit Officer, On 25-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 06-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Shyma Kumari S.L (Audit Officer, On 25-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 06-05-2022) | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Shyma Kumari S.L (Audit Officer, On 25-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 11-04-2022) | 1-6 |
| 8 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ചെലവ് - തനത് ഫണ്ടിൽ നിന്ന് നിർവ്വഹിക്കുന്നത് കാരണം കേന്ദ്രഫണ്ട് നഷ്ടപ്പെടുത്തിയത്<br>Written By: Shaheen.P (Asst. Audit Officer, On 25-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-05-2022) | 1-6-1 |
| 9 | സാമൂഹ്യക്ഷേമ പെൻഷനുകൾ<br>Written By: Shyma Kumari S.L (Audit Officer, On 25-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-05-2022) | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം<br>Written By: Shyma Kumari S.L (Audit Officer, On 25-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 11-04-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Shyma Kumari S.L (Audit Officer, On 21-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 11-04-2022) | 1-9 |
| 12 | ഗ്രാമ സഭ<br>Written By: Shyma Kumari S.L (Audit Officer, On 21-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-05-2022) | 1-10 |
| 13 | കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നില്ല.<br>Written By: Nikhila A.M. (Auditor, On 22-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-05-2022) | 1-11 |
| 14 | നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Nikhila A.M. (Auditor, On 22-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-05-2022) | 1-12 |
| 15 | റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയില്ല<br>Written By: Nikhila A.M. (Auditor, On 22-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-05-2022) | 1-13 |
| 16 | മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് ഈടാക്കിയില്ല -79,500/- രൂപയുടെ നഷ്ടം.<br>Written By: Nikhila A.M. (Auditor, On 22-02-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-05-2022) | 1-14 |
| 17 | വ്യാപാര സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു<br>Written By: Nikhila A.M. (Auditor, On 22-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-05-2022) | 1-15 |
| 18 | സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.<br>Written By: Nikhila A.M. (Auditor, On 22-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 06-05-2022) | 1-16 |
| 19 | | 1-17 |

| | | |
|---|---|---|
| | തൊഴിൽ നികുതി അപാകങ്ങൾ<br>Written By: Nikhila A.M. (Auditor, On 22-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 06-05-2022) | |
| 20 | ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിലെ അപാകങ്ങൾ ₹66856 ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 25-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 11-04-2022) | 1-18 |
| 21 | ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിലെ പങ്കാളിത്ത പെൻഷൻ വിഹിതം ഈടാക്കി ഒടുക്കാത്തത്.<br>Written By: Shaheen.P (Asst. Audit Officer, On 25-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 06-05-2022) | 1-19 |
| 22 | റോഡ് പ്രവൃത്തികൾക്കാവശ്യമായ ബിറ്റുമിൻ വാങ്ങിയത്-അധികമായി ഒടുക്കിയ തുക തിരികെ ലഭിച്ചിട്ടില്ല. ₹75506 തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Shaheen.P (Asst. Audit Officer, On 25-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-05-2022) | 1-20 |
| 23 | തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപണി അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 25-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 11-04-2022) | 1-21 |
| 24 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 25-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 11-04-2022) | 1-22 |
| 25 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Shaheen.P (Asst. Audit Officer, On 25-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-05-2022) | 1-23 |
| 26 | എസ്.എൽ.ഐ., ജി.ഐ.എസ് . വരിസംഖ്യ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.<br>Written By: Shaheen.P (Asst. Audit Officer, On 25-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-05-2022) | 1-24 |
| 27 | സമൃദ്ധി സംരംഭകർക്ക് റിവോൾവിംഗ് ഫണ്ട് - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: Nisha K (Senior Grade Auditor, On 25-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 11-04-2022) | 1-25 |
| 28 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്.<br>Written By: Nisha K (Senior Grade Auditor, On 25-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 11-04-2022) | 1-26 |
| 29 | കന്നുകുട്ടി സംരക്ഷണം -വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്.<br>Written By: Nisha K (Senior Grade Auditor, On 25-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 05-05-2022) | 1-27 |
| 30 | എസ് എസ് എ വിഹിതം നൽകൽ - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ<br>Written By: Nisha K (Senior Grade Auditor, On 25-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 11-04-2022) | 1-28 |
| 31 | കോക്ലിയർ ഇംപ്ലാന്റേഷൻ ചെയ്തവർക്ക് ധനസഹായം - സാമൂഹ്യ സുരക്ഷാമിഷന് ഫണ്ട് കൈമാറൽ - രേഖകൾ ഹാജരാക്കിയിട്ടില്ല-ചെലവ് തുക 250000 രൂപ തടസപ്പെടുത്തുന്നു<br>Written By: Nisha K (Senior Grade Auditor, On 25-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 11-04-2022) | 1-29 |
| 32 | അങ്കണവാടികൾ ശിശു സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ചുമർചിത്രം വരയ്ക്കൽ - രേഖകൾ ഹാജരാക്കിയിട്ടില്ല.ചെലവ് തുക 350000/- രൂപ തടസപ്പെടുത്തുന്നു.<br>Written By: Nisha K (Senior Grade Auditor, On 25-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 06-05-2022) | 1-30 |
| 33 | മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അനുവദനീയമായതിലും അധികം നൽകിയ ₹ 40845 നിരാകരിക്കുന്നു<br>Written By: Nisha K (Senior Grade Auditor, On 24-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 06-05-2022) | 1-31 |

| | | |
|---|---|---|
| 34 | ന്യുട്രിമിക്സ് സാമ്പിൾ - ലാബ് പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 25-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 11-04-2022) | 1-32 |
| 35 | അങ്കണവാടികളിലേക്കുള്ള പാൽ വിതരണം - വ്യത്യസ്ത നിരക്കുകൾ ഈടാക്കുന്നു<br>Written By: Nisha K (Senior Grade Auditor, On 27-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 11-04-2022) | 1-33 |
| 36 | അസി.എഞ്ചിനീയർ അംഗീകരിച്ച തുകയും കരാറുകാരന് അനുവദിച്ച തുകയും പൊരുത്തപ്പെടുന്നില്ല.<br>Written By: Shyma Kumari S.L (Audit Officer, On 24-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 06-05-2022) | 1-34 |
| 37 | സമയപ രിധിയ്ക്കകം കരാർ ചമച്ചില്ല.പിഴ ഇനത്തിൽ 31270/- രൂപ ഈടാക്കേണ്ടതാണ്.<br>Written By: Shyma Kumari S.L (Audit Officer, On 24-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 06-05-2022) | 1-35 |
| 38 | കംപ്യൂട്ടർ ,അനുബന്ധ ഉപകരണങ്ങൾ വാങ്ങിയത്- കൈപ്പറ്റു രശീതി,ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എന്നിവ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല<br>Written By: Shyma Kumari S.L (Audit Officer, On 24-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 06-05-2022) | 1-36 |
| 39 | പ്രവൃത്തി പൂർത്തീകരിക്കുവാൻ വൈകി.പിഴ ഇനത്തിൽ തുക 20131/- രൂപ ഈടാക്കേണ്ടതാണ്<br>Written By: Shyma Kumari S.L (Audit Officer, On 24-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 06-05-2022) | 1-37 |
| 40 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെ റോഡ് പ്രവൃത്തികൾ ചെയ്യുന്നത് ശരിയായ നടപടിയല്ല<br>Written By: Shyma Kumari S.L (Audit Officer, On 24-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 12-04-2022) | 1-38 |
| 41 | മരാമത്ത് പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക് വിധേയമാക്കുന്നില്ല<br>Written By: Shyma Kumari S.L (Audit Officer, On 24-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 06-05-2022) | 1-39 |
| 42 | കുറഞ്ഞ തുകയിലുള്ള മുദ്രപത്രത്തിൽ കരാർ ചമച്ചു.<br>Written By: Shyma Kumari S.L (Audit Officer, On 26-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 06-05-2022) | 1-40 |
| 43 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ വരവ് വെക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Shyma Kumari S.L (Audit Officer, On 24-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 12-04-2022) | 1-41 |
| **ഭാഗം 2** | | |
| 1 | മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് ഈടാക്കിയില്ല - 79,500/- രൂപയുടെ നഷ്ടം.<br>Written By: PREETHA.P.V (Computer Assistant, On 12-04-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 06-05-2022) | 2-1 |
| **ഭാഗം 3** | | |
| 1 | മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അനുവദനീയമായതിലും അധികം നൽകിയ തുക ₹ 40845 നിരാകരിക്കുന്നു<br>Written By: Shyma Kumari S.L (Audit Officer, On 26-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 06-05-2022) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shyma Kumari S.L (Audit Officer, On 23-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 06-05-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shyma Kumari S.L (Audit Officer, On 23-02-2022) | 4-2 |

| | | |
|---|---|---|
| | Last Updated By: PREETHA.P.V (Computer Assistant, On 06-05-2022) | |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shyma Kumari S.L (Audit Officer, On 23-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 06-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shyma Kumari S.L (Audit Officer, On 25-02-2022)<br>Last Updated By: Shyma Kumari S.L (Audit Officer, On 25-02-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Shyma Kumari S.L (Audit Officer, On 25-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 06-05-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Shyma Kumari S.L (Audit Officer, On 25-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 12-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shyma Kumari S.L (Audit Officer, On 23-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 12-04-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ<br>Written By: Shyma Kumari S.L (Audit Officer, On 25-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 12-04-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരങ്ങൾ<br>Written By: Shyma Kumari S.L (Audit Officer, On 25-02-2022)<br>Last Updated By: Shyma Kumari S.L (Audit Officer, On 25-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shyma Kumari S.L (Audit Officer, On 25-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 06-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shyma Kumari S.L (Audit Officer, On 23-02-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 06-05-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 26/2/2019 ലെ 1/28/2019 തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 13/2/2020 ലെ 5/29/2020 (10 )തീരുമാന പ്രകാരവും അംഗീകരിച്ചു. വിശദവിവരം ചുവടെകൊടുക്കുന്നു.

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുൻബാക്കി | 19301331.52 | 19301331.52 |
| വരവ് | 188016580 | 220973549 |
| ആകെ വരവ് | 207317911.52 | 240276880.52 |
| ആകെ ചെലവ് | 197477379.00 | 231308186.00 |
| നീക്കിയിരിപ്പ് | 9840532.52. | 8966694.52 |

പുതുക്കിയ ബജറ്റിന്റെ വിശദാംശംങ്ങൾ ഭരണസമിതി മിനുട്സിൽ ഉൾപ്പെടുത്തിയിട്ടില്ല. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനങ്ങൾ അംഗീകരിച്ചു എന്ന് മാത്രമാണ് മിനുട്സിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് ശരിയായ നടപടിയല്ല. പുതുക്കിയ ബജറ്റ് അജണ്ടയിൽ ഉൾപ്പെടുത്തുകയും ആയത് പരിശോധിച്ച് അംഗീകരിക്കുവാനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കുവാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31/7/20 | 27/5/20 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1- വിവിധ ആവശ്യങ്ങൾക്ക് KSEB യിൽ മുൻകൂർ നൽകിയ തുക മുൻകൂർ ശീർഷകത്തിൽ ചെലവ് കാണിക്കുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

(A) കണ്ണപ്പിലാവ് അങ്കണവാടി ഇലക്ട്രിക്ക് കണക്ഷന് വേണ്ടി അസി. എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ തളിപ്പറമ്പിന് നൽകിയത് (₹ 32438)

(B) പൂമംഗലം വില്ലേജ് നോളജ് സെന്റർ നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന HT ലൈൻ മാറ്റുന്നതിന് KSEB കരിമ്പം സെക്ഷന് നല്കിയ തുക (₹ 98533)

(C) മഴൂർ എൽ.പി.സ്കൂൾ ഓഡിറ്റോറിയത്തിന്റെ മുകളിലുള്ള വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കുവാൻ KSEB കരിമ്പം സെക്ഷന് നല്കിയ തുക (₹ 10972)

2- ആസ്തി രജിസ്റ്റർ പൂർണ്ണമല്ല.

3- വാർഷിക കണക്കിലെ വസ്തുനികുതി കുടിശ്ശിക ഡിമാന്റ്, കലക്ഷൻ, ബാലൻസ്, എന്നിവ പൊരുത്തപ്പെടുന്നില്ല.

ഡിമാൻറ് (Balance Sheet B-15 2018-19 Shedule) 73237/-

Collection (Recipt & Payment) RP-43 2019-20) 191615/-

ബാലൻസ് (Balance Sheet) (B-15 Shedule 20 2019-20) 28373/-

വ്യത്യാസം വിശദീകരിച്ചിട്ടില്ല.

4- വാർഷിക കണക്കിനോടൊപ്പം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയത്തെക്കുറിച്ചുള്ള കുറിപ്പുകൾ രേഖപ്പെടുത്തിയിട്ടില്ല.

5- കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടിംഗ്) ചട്ടങ്ങൾ ചട്ടം 62 (4) ൽ നിർദ്ദേശിച്ച പ്രകാരം വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണരൂപത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

6- വാർഷിക ധനകാര്യപത്രികയോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (ചട്ടം 62 എഫ് )

### 1-3 സാമ്പത്തിക വിശകലനം (റസിപ്റ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുൻബാക്കി | 37137691.52 |
| | |

| | |
|---|---|
| വരവ് | 87498900 |
| ആകെ | 124636591.52 |
| ചെലവ് | 81188154 |
| നീക്കിയിരിപ്പ് | 43448437.5 |
| വരവിനങ്ങളിലെ നഷ്ടം | 79500 |
| ചെലവിനങ്ങളിൽ അംഗീകരിക്കാത്ത തുക | 40845 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 666856 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 16402000 | 16402000 | 13430304 | 2971696 |
| എസ് സി പി | 0 | 2383000 | 2383000 | 2383000 | 0 |
| ടി എസ് പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 18968000 | 18968000 | 11038073 | 7929927 |
| മെയിന്റനൻസ് ഫണ്ട്-നോൺറോഡ് | 0 | 4112000 | 4112000 | 2890647 | 1221353 |
| സെൻട്രൽ ഫിനാൻഷ്യൽ കമ്മീഷൻ ഗ്രാന്റ് | 0 | 10625619 | 10625619 | 5283173 | 5342446 |
| ജലനിധി ഗ്രാന്റ് | 0 | 0 | 0 | 0 | 0 |
| ഐ സി ഡി എസ് | 1023888 | 921507 | 1945395 | 855062 | 1090333 |
| നബാർഡ് | 22893 | 899 | 23792 | 0 | 23792 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 2216579 | 150106 | 2366685 | 1110479 | 1256206 |
| സാക്ഷരത | 11893 | 501 | 12394 | 5770 | 6624 |
| ലൈബ്രറി ഗ്രാന്റ് | 0 | 0 | 0 | 0 | 0 |
| <u>തൊഴിലുറപ്പ് പദ്ധതി</u> തൊഴിലാളികളുടെ കൂലി | 0 | 21685555 | 21685555 | 21685555 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4904 | 1465178 | 1470082 | 1452916 | 17166 |
| തൊഴിലുറപ്പ് പദ്ധതി 100 ദിനം തൊഴിൽ ചെയ്തവരുടെ ഇൻസെന്റീവ് | 338000 | 338000 | 338000 | 0 | 0 |
| കേരളോത്സവം | 0 | 20000 | 20000 | 20000 | 0 |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 0 | 8000000 | 8000000 | 8000000 | 0 |
| ആശ്രയ | 0 | 995791 | 995791 | 423037 | 572754 |
| എസ്.എസ്.എ | 191526 | 7527 | 199053 | 0 | 199053 |
| IWMP | 242191 | 9517 | 251708 | 0 | 251708 |
| WGDP | 85203 | 2934 | 88137 | 0 | 88137 |
| PYCKA | 70242 | 2760 | 73002 | 0 | 73002 |
| BMC | 0 | 304535 | 304535 | 0 | 304535 |
| വിമുക്തി | 54453 | 0 | 54453 | 1840 | 52613 |
| CHIAK | 0 | 7610 | 7610 | 0 | 7610 |

## 1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ച പദ്ധതികൾ | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 194 | 110965785 | 124 | 64841951 | -- | 70 | 63.96 |

ചെലവുകളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം പദ്ധതി അവലോകനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 27 | 18 | 6239394 | 2829781 | 45.4 |
| 2 | അസി.എഞ്ചിനീയർ | 99 | 48 | 53334400 | 20789812 | 39 |
| 3 | അഗ്രി.ഓഫീസർ | 10 | 10 | 6832169 | 5907015 | 86.5 |
| 4 | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 8 | 6 | 3185995 | 1368079 | 42.9 |
| 5 | മെഡിക്കൽ ഓഫീസർ (Homeo) | 2 | 2 | 135000 | 130160 | 96.4 |
| 6 | ഹെഡ്മാസ്റ്റർ | 7 | 4 | 2092387 | 1678087 | 80.2 |
| 7 | വെറ്റിനറി സർജൻ | 11 | 11 | 4504311 | 3844121 | 85.3 |
| 8 | അസി. സെക്രട്ടറി | 8 | 4 | 2800000 | 1598037 | 57.1 |
| 9 | ഐ സി ഡി എസ് സൂപ്പർവൈസർ | 7 | 6 | 7249200 | 6580362 | 90.8 |
| 10 | വി ഇ ഒ | 14 | 14 | 23992929 | 19616497 | 81.8 |
| 11 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 600000 | 500000 | 83.3 |
|  | ആകെ | 194 | 124 | 110965785 | 64841951 | 58.4 |

2019-20 പദ്ധതി അടങ്കൽ തുകയുടെ ആകെ 58.4% വരുന്ന തുക മാത്രമേ തൻവർഷം ചെലവഴിച്ചിട്ടുള്ളൂ. അഗ്രി.ഓഫീസർ, മെഡിക്കൽ ഓഫീസർ ഹോമിയോ, വെറ്റിനറി സർജൻ, വിഇഒ എന്നിവർ മുഴുവൻ പ്രൊജക്ടുകളും നിർവഹണം ചെയ്തു. എന്നാൽ സെക്രട്ടറി, അസി.എഞ്ചിനീയർ, മെഡിക്കൽ ഓഫീസർ പി എച്ച് സി എന്നിവരുടെ ചെലവ് 50%ലും കുറവാണ്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

|  | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | - | 21685555 | 21685555 | 21685555 | 0 |
| അഡ്മിനിസ്ട്രേറ്റിവ് ചെലവ് | 4904 | 1465178 | 1470082 | 1452916 | 17166 |
| ആകെ | 4904 | 213507333 | 23155637 | 23138471 | 17166 |

## 1-6-1 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ചെലവ് - തനത് ഫണ്ടിൽ നിന്ന് നിർവ്വഹിക്കുന്നത് കാരണം കേന്ദ്രഫണ്ട് നഷ്ടപ്പെടുത്തിയത്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണ ചെലവുകൾ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ചെലവ് ചെയ്ത് പിന്നീട് കേന്ദ്ര ഫണ്ടിൽ നിന്ന് തിരികെ ലഭിക്കാൻ അർഹതയുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ടിൽ നിന്ന് നേരിട്ട് തുക ചെലവ് ചെയ്ത തുക തിരികെ ലഭിക്കുന്നതിന് അപേക്ഷിക്കാത്തത് കാരണം കേന്ദ്ര ഫണ്ട് നഷ്ടപ്പെട്ടിട്ടുണ്ട്. ഇപ്രകാരം തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്ത തുകകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | വൗച്ചർ നമ്പർ തീയതി | തുക |
|---|---|---|---|
| 1 | എം.ജി.എൻ.ആർ.ഇ.ജി.എസ് ഫോറങ്ങൾ അച്ചടി ചാർജ് | 21900123/08-05-2019 | 2500 |
| 2 | ടെണ്ടർ പരസ്യ ചാർജ് | 21900187/13-06-2019 | 6997 |
| 3 | ടോണർ മാറ്റിയതിന്റെ തുക | 21900225/20-06-2019 | 450 |
| 4 | ഡിസ്റ്റിൽഡ് വാട്ടർ | 21900292/10-07-2019 | 240 |
| 5 | സ്റ്റേഷനറി | 21900465/27-08-2019 | 275 |
| 6 | ടോണർ മാറ്റിയതിന്റെ തുക | 21900466/27-08-2019 | 450 |
| 7 | ടോണർ മാറ്റിയതിന്റെ തുക | 21900636/10-10-2019 | 454 |
| 8 | ടോണർ മാറ്റിയതിന്റെ തുക | 21900730/02-11-2019 | 454 |
| 9 | ടോണർ മാറ്റിയതിന്റെ തുക | 21900912/17-12-2019 | 454 |
| 10 | ടെണ്ടർ പരസ്യ ചാർജ് | 21900982/03-01-2020 | 6997 |
| 11 | ടോണർ മാറ്റിയതിന്റെ തുക | 21901102/06-02-2020 | 750 |
| 12 | ടോണർ മാറ്റിയതിന്റെ തുക | 21901314/20-03-2020 | 1300 |
| | ആകെ | | 21321 |

21321/- രൂപ കേന്ദ്ര ഫണ്ടിൽ നിന്ന് തിരികെ ലഭിക്കുന്നതിന് അർഹതയുണ്ടായിട്ടും അതിനാവശ്യമായ നടപടികൾ സ്വീകരിക്കാത്തത് കാരണം 21321/- രൂപ നഷ്ടപ്പെട്ടിട്ടുണ്ട്. കൂടാതെ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടിൽ നിക്ഷേപിച്ച തുകയിൽ മുഴുവൻ ചെലവുകളും നൽകിയ ശേഷം അവശേഷിക്കുന്ന തുക തിരിച്ചടക്കാൻ അവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തൻവർഷം തൊഴിലുറപ്പ് പദ്ധതിക്ക് ലഭിച്ച തുകയിൽ നിന്ന് 5157/- രൂപ തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്. (വൗച്ചർ നമ്പർ 21900340/30-07-2019 ₹3955, വൗച്ചർ നമ്പർ 21900682/19-10-2019 ₹1202) 21321/- രൂപ കേന്ദ്ര ഫണ്ടിൽ നിന്ന് ലഭിക്കേണ്ടത് നഷ്ടപ്പെടുത്തിയിട്ടുണ്ട്. ആയത് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 സാമൂഹ്യക്ഷേമ പെൻഷനുകൾ

തൻവർഷം കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 146640 | 92 |
| കർഷകതൊഴിലാളി പെൻഷൻ | 2803200 | 791 |
| വിധവാപെൻഷൻ | 4130400 | 1161 |
| വാർദ്ധക്യകാലപെൻഷൻ | 6149700 | 1742 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 1181500 | 326 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 225000 | 64 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-02-2022 തീയ്യതിയിൽ 4.23 Pm സമയത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

തുക അക്കത്തിൽ : ₹ 54765

തുക അക്ഷരത്തിൽ : അമ്പത്തി നാലായിരത്തി എഴുന്നൂറ്റി അറുപത്തി അഞ്ച് രൂപ മാത്രം.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തന സജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ച കൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പു വരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

പ്രതിമാസം ഓഫീസ് യോഗം ചേരുകയും ദൈനംദിന ഓഫീസ് പ്രവർത്തനം, ഫ്രണ്ട് ഓഫീസ് പ്രവർത്തനം എന്നിവ കാര്യക്ഷമമാക്കുവാനായി നിർദ്ദേശം നൽകുന്നതായും കണ്ടു. നികുതി പിരിവ് 100% കൈവരിക്കുന്നതിനായും ഊർജ്ജിതമായ നടപടികൾ സ്വീകരിച്ച വരുന്നതായി കാണാൻ കഴിഞ്ഞു. രജിസ്റ്ററുകൾ ശരിയായ രീതിയിൽ സൂക്ഷിച്ച വരുന്നുണ്ട്. പഞ്ചായത്ത് ഓഫീസിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്.

പഞ്ചായത്തിന്റെ വാർഷിക ബജറ്റ് പാസ്സാക്കുന്നതിൽ നിയമ പ്രകാരമുള്ള നടപടികൾ പാലിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ്ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ച വരുന്നുണ്ട്. വികസനഫണ്ട്, സംരക്ഷണഗ്രാന്റ് , ജനറൽ പർപ്പസ് ഗ്രാന്റ്, മറ്റ് തനത് ഫണ്ടുകൾ, സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് എ.സി.ആർ സൂക്ഷിക്കുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ച വരുന്നുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്യുയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്.

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടെ മൂല്യം കണക്കാക്കുകയോ ആയത് ആസ്തിയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

## 1-10 ഗ്രാമ സഭ

കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിൽ ആകെ 18 വാർഡുകൾ ഉണ്ട്. 2019-20 വർഷത്തെ ഗ്രാമസഭ മിനുട്സ് പ്രകാരം വർഷത്തിൽ മൂന്ന തവണ ഗ്രാമസഭ ചേർന്നിട്ടുണ്ട്. 2019 മെയ്, 2019 സപ്തംബർ, 2020 ഫിബ്രവരി എന്നീ മാസങ്ങളിൽ ആണ് ഗ്രാമസഭ ചേർന്നിരിക്കുന്നത്. കേരള പഞ്ചായത്ത് രാജ് സെക്ഷൻ 3ൽ 3 പ്രകാരം വർഷത്തിൽ മൂന്ന മാസത്തിലൊരിക്കൽ ഗ്രാമസഭ യോഗം ചേരണമെന്നത് പാലിച്ചിട്ടുണ്ട്. എല്ലാ യോഗങ്ങളിലും ആവശ്യമായ ജനപങ്കാളിത്തം ഉറപ്പു വരുത്തി, ക്വാറം തികച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം. | വാർഡിലെ ആകെ അംഗങ്ങളുടെ എണ്ണം | ക്വാറം | യോഗ തീയതി | പങ്കെടുത്ത അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 1117 | 110 | 7/7/2019<br>20/9/2019<br>12/12/2019<br>2/2/2020 | 167<br>140<br>127<br>170 |
| 5 | 1423 | 140 | 5/7/2019<br>20/9/2019<br>8/2/2020 | 143<br>141<br>103 |
| 8 | 1126 | 112 | 14/7/2019<br>22/9/2019<br>17/12/2019<br>6/2/2020 | 113<br>115<br>171<br>119 |
| 12 | 1494 | 149 | 6/7/2019<br>21/9/2019<br>3/12/2019 | 153<br>154<br>158 |

| | | | | |
|---|---|---|---|---|
| | | | 7/2/2020 | 175 |

പഞ്ചായത്ത് സംബന്ധിച്ച വിവിധ വിഷയങ്ങൾ ഗ്രാമസഭായോഗത്തിൽ ചർച്ച നടത്തിയതായി കാണാൻ കഴിഞ്ഞു.ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭയിൽ വായിക്കുകയും ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷത്തെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പും, പദ്ധതി അവലോകനവും പ്ലാസ്റ്റിക് നിരോധനം സംബന്ധിച്ച ചർച്ചയും ബോധവത്കരണവും ഗ്രാമസഭയിൽ നടത്തിയിട്ടുണ്ട്. എല്ലാ യോഗങ്ങളിലും ആവശ്യമായ ജനപങ്കാളിത്തം ഉണ്ടായിട്ടുണ്ട്.

## 1-11 കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയം നടത്തുന്നില്ല.

2014-15, 2015-16 വർഷങ്ങളിലെ കെട്ടിട നിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ
പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

മേൽപ്പറഞ്ഞ കാലയളവിലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഏതാനും വാസഗൃഹങ്ങൾക്ക് കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നിലവിൽ പെർമിറ്റ് കാലാവധി അവസാനിച്ച ഈ കെട്ടിടങ്ങൾക്ക് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടില്ല.സഞ്ചയ സോഫ്റ്റ് വെയറിൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ ഭൂരിഭാഗം കെട്ടിടങ്ങൾക്കും കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയതായും കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമസ്ഥന്റെ പേര് | പെർമിറ്റ്നം, കാലാവധി | അധിക നിർമാണത്തിനായി അനുമതി നൽകിയ തറ വിസ്തീർണം (ച.മീ) | 2013 മുതൽ സഞ്ചയ യിൽ നികുതി നിർണയിച്ചു വരുന്ന തറ വിസ്തീർണം (ച.മീ) |
|---|---|---|---|---|---|
| 1 | 3/326 | മയിലാട്ട് വീട്ടിൽ രവീന്ദ്രനാഥ് | 7554/14-15 29.10.14 To 28.10.17 | 38.61 | 129.46 |
| 2 | 4/449 | കൊയാടൻ ചമ്മിഞ്ചേരി ചന്ദ്രൻ | 7862/14-15 27.11.14 To 26.11.17 | 49.72 | 56 |
| 3 | 09/56 | തൈക്കണ്ടി കരുണാകരൻ | 8176/14-15 03.12.14 To 02.12.17 | 78.99 | 63.5 |
| 4 | 6/159 | കപ്പാലക്കണ്ടി നാരായണൻ | 3461/14-15 14.05.14 To 13.05.17 | 19.50 | 45 |
| 5 | 8/353 | മണ്ടര വളപ്പിൽ വിനോദ് കുമാർ | 4663/15-16 11.09.15 To 10.09.18 | 55.09 | 110 |
| 6 | 9/74 | ദിനേഷ് കുമാർ കെ ജെ | 7833/14-15 11.12.14 To 10.12.17 | 31.39 | 71.32 |
| 7 | 13/82 | കാങ്കോൽ ഇല്ലത്ത് നാരായണൻ | 5058/14-15 19.07.14 To 18.07.17 | 121.12 | 110 |
| 8 | 4/160 | മഞ്ഞേരി കൈതപ്രത്ത് മോഹനൻ | 7276/14-15 06.11.14 To 05.11.14 | 82.54 | 94.5 |

കൂട്ടിചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് ലഭിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൻ പ്രകാരം നിലവിൽ ഇത്തരത്തിലുള്ള കെട്ടിടങ്ങൾക്ക് 2013 മുതൽ ബാധകമായ നികുതി മാത്രമാണ് ഈടാക്കി കാണുന്നത്. മാത്രമല്ല കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണം, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനാവില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 13തീയതി 19-02-2022) ലഭ്യമാക്കിയ മറുപടിയിൽ വാർഡ് തലത്തിൽ ക്ലർക്കുമാർ പരിശോധന നടത്തി കൂട്ടിചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നികുതി പുനർ നിർണയം നടത്തുന്നുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. ഫീൽഡ് തല പരിശോധന നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.കൂടാതെ കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്.

## 1-12 നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ച പ്രത്യേക കെട്ടിട നമ്പർ നൽകി ഫോറം 10 ലുള്ള രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. എന്നാൽ നിലവിൽ പ്രസ്തുത രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. സർക്കുലർ നം.29342/ആർഎ1/2014/ തസ്വഭവ തീയതി 19.05.2014 പ്രകാരം അനധികൃത നിർമ്മാണങ്ങളുടെ വിശദവിവരം രജിസ്റ്ററിൽ ചേർക്കേണ്ടതും, ടി വിവരം സർക്കാരിന്റെ വെബ്സൈറ്റിലും സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും, ചട്ടലംഘനങ്ങൾ പരിഹരിച്ച ശേഷം വിവരം രജിസ്റ്ററിൽ ചേർത്ത്, സെക്രട്ടറി എല്ലാ മാസവും രജിസ്റ്റർ പരിശോധിക്കേണ്ടതുമാണ്. നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിച്ച് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഒമ്പത് റേഷൻ കടകളിൽ മൂന്നെണ്ണം മാത്രമേ 2019-2020 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കിയിട്ടുള്ളൂ. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22.1.19 ലെ (സി.എസ്) എ9-764/19 സർക്കുലറിൽ റേഷൻ കടകളെ തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയിൽ നിന്നും ഒഴിവാക്കാനാവുന്നതല്ലെന്ന് അറിയിച്ചിട്ടുണ്ട്. റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് ഈടാക്കിയില്ല -79,500/- രൂപയുടെ നഷ്ടം.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31-10-17ലെ ജി.ഒ.(പി)നം.80/2017 പ്രകാരം ഡി&ഒ ലൈസൻസ് ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് 07-09-2018ലെ 93/18 ാം നമ്പർ ഭരണസമിതി തീരുമാനം പ്രകാരം വ്യാപാര സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് താഴെ പറയും പ്രകാരം ലൈസൻസ് ഫീസ് ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

| **ഉൽപാദന മേഖല** | |
|---|---|
| 500000രൂപ വരെ മൂലധനം ഉള്ളത് | 100 |
| 500001രൂപ മുതൽ 1 0ലക്ഷം വരെ മൂലധനം ഉള്ളത് | 200 |
| 10ലക്ഷത്തിന് മുകളിൽ 15 ലക്ഷം വരെ മൂലധനം ഉള്ളത് | 300 |
| 15ലക്ഷത്തിന് മുകളിൽ 20ലക്ഷം വരെ മൂലധനം ഉള്ളത് | 400 |
| 20ലക്ഷത്തിന് മുകളിൽ 25 ലക്ഷം വരെ മൂലധനം ഉള്ളത് | 500 |
| 2500001രൂപ മുതൽ 1 കോടി രൂപ വരെ മൂലധനം ഉള്ളത് | 1000 |
| 10000001 രൂപ മുതൽ 2 കോടി രൂപ വരെ മൂലധനം ഉള്ളത് | 2000 |
| 3 കോടി രൂപ വരെ മൂലധനം ഉള്ളത് | 3000 |
| 4കോടി രൂപ വരെ മൂലധനം ഉള്ളത് | 4000 |
| 5 കോടി രൂപ വരെ മൂലധനം ഉള്ളത് | 5000 |
| 7 കോടി രൂപ വരെ മൂലധനം ഉള്ളത് | 7000 |
| 10 കോടി രൂപ വരെ മൂലധനം ഉള്ളത് | 10000 |

| | |
|---|---|
| 10 കോടി രൂപയ്ക്ക് മുകളിൽ മൂലധനം ഉള്ളത് | 15000 |
| **സേവന മേഖല** | |
| 100000 രൂപ വരെ മൂലധനം ഉള്ളത് | 100 |
| 100001മുകളിൽ 2ലക്ഷം വരെ മൂലധനം ഉള്ളത് | 200 |
| 2ലക്ഷത്തിന് മുകളിൽ 3ലക്ഷം വരെ മൂലധനം ഉള്ളത് | 300 |
| 3 ലക്ഷത്തിന് മുകളിൽ 5 ലക്ഷം വരെ മൂലധനം ഉള്ളത് | 400 |
| 500001രൂപ മുതല് 10ലക്ഷം രൂപ വരെ മൂലധനം ഉള്ളത് | 500 |
| 1000001 രൂപ മുതൽ 50 ലക്ഷം രൂപ വരെ മൂലധനം ഉള്ളത് | 1000 |
| 50ലക്ഷത്തിന് മുകളിൽ 75ലക്ഷം രൂപ വരെ മൂലധനം ഉള്ളത് | 2000 |
| 75ലക്ഷത്തിന് മുകളിൽ 1 കോടി രൂപ വരെ മൂലധനം ഉള്ളത് | 3000 |
| 1 കോടിക്ക് മുകളിൽ 1.5 കോടി രൂപ വരെ മൂലധനം ഉള്ളത് | 4000 |
| 1.5കോടിക്ക് മുകളിൽ 2 കോടി രൂപ വരെ മൂലധനം ഉള്ളത് | 5000 |
| 2കോടിക്ക് മുകളിൽ 3 കോടി രൂപ വരെ മൂലധനം ഉള്ളത് | 7000 |
| 3കോടിക്ക് മുകളിൽ 5കോടി രൂപ വരെ മൂലധനം ഉള്ളത് | 10000 |
| 5കോടിക്ക് മുകളിൽ ഉള്ളത് | 15000 |

എന്നാൽ താഴെ പറയുന്നവരിൽ നിന്നും മേൽ പറഞ്ഞിട്ടുള്ള നിരക്കിൽ നിന്നും കുറഞ്ഞ നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്.

| ക്രമ നം. | പേര് / വാർഡ് നമ്പർ | ആവശ്യം | വിഭാഗം | മൂലധനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|
| 1 | അബ്ദുൾ ഖാദർ 5/532 G H I J K | സിമന്റ് , കമ്പി വില്പന | സേവന മേഖല | 2 കോടി | 5000 | 2000 | 3000 |
| 2 | ബാബു എ വി 10/519 | ബേക്കറി | സേവന മേഖല | 1500000 | 1000 | 300 | 700 |
| 3 | എം പി മുസ്തഫ 5/154 C | സ്റ്റേഷണറി | സേവന മേഖല | 1500000 | 1000 | 300 | 700 |
| 4 | ദാമോദരൻ 6/213 | ഹോട്ടൽ | സേവന മേഖല | 1000000 | 500 | 200 | 300 |
| 5 | കെ നാരായണൻ 4/265 | അനാദിക്കച്ചവടം | സേവന മേഖല | 1500000 | 1000 | 300 | 700 |
| 6 | എം മൊയ്തീൻകുട്ടി V/616,617 | അലൂമിനിയം പാത്രങ്ങൾ വില്പന | സേവന മേഖല | 1500000 | 1000 | 300 | 700 |
| 7 | കെ പി ഇബ്രാഹിം 5/524,525 | അനാദിക്കച്ചവടം | സേവന മേഖല | 1000000 | 500 | 200 | 300 |
| 8 | രാകേന്ദ് വി കെ പി 4/297 | ദന്തൽ ക്ലിനിക്ക് | സേവന മേഖല | 1കോടി | 3000 | 1000 | 2000 |
| 9 | പവിത്രൻ പി വി 6/652 | മാർബിൾ, ഗ്രാനൈറ്റ് വില്പന | സേവന മേഖല | 1കോടി | 3000 | 1000 | 2000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 10 | ഷുക്കൂർ അബ്ദുള്ള 4/593 O N | ജ്വല്ലറി | സേവന മേഖല | 1കോടി | 3000 | 1000 | 2000 |
| 11 | മുഹമ്മദ് സമീർ കെ 5/568 | അനാദിക്കച്ചവടം | സേവന മേഖല | 2500000 | 1000 | 500 | 500 |
| 12 | കക്കാകണ്ടി മധുസൂദനൻ 4/346 B C | അലൂമിനിയം സാധനങ്ങൾ വില്പന | സേവന മേഖല | 1500000 | 1000 | 300 | 700 |
| 13 | സമീർ എ പി IV/593 V | ഗിഫ്റ്റ് ഷോപ്പ് | സേവന മേഖല | 2500000 | 1000 | 500 | 500 |
| 14 | അയൂബ് എം എം 5/575 | തുണിക്കച്ചവടം | സേവന മേഖല | 2000000 | 1000 | 400 | 600 |
| 15 | ശംഷാദ് പി കെ 5/579 | ബേക്കറി | സേവന മേഖല | 1000000 | 500 | 200 | 300 |
| 16 | എം ഉമ്മർ 6/186 | അനാദിക്കച്ചവടം | സേവന മേഖല | 1000000 | 500 | 200 | 300 |
| 17 | തുഷാര പി 4/398 | പെട്രോൾ പമ്പ് | സേവന മേഖല | 3 കോടി | 7000 | 3000 | 4000 |
| 18 | മുഹമ്മദ് ഇർഷാദ് 4/201 | മൊബൈൽ സർവീസ് | സേവന മേഖല | 2000000 | 1000 | 400 | 600 |
| 19 | അബ്ദു ഹസ്സൻ 4/207 | പെയിന്റ്, ഹാർഡ് വെയർ ഷോപ്പ് | സേവന മേഖല | 1 കോടി | 3000 | 1000 | 2000 |
| 20 | കെ മറിയം 4/216 | ഇലക്ട്രിക്കൽസ്, പ്ലംബിംഗ് | സേവന മേഖല | 1 കോടി | 3000 | 1000 | 2000 |
| 21 | പി വി ലൂക്കോസ്റ്റ 17/563 A B | ജ്വല്ലറി | സേവന മേഖല | 1 കോടി | 3000 | 2000 | 1000 |
| 22 | ഖാജിദ് കെ പി 4/269 | ബുക്സ്, സ്റ്റേഷണറി വില്പന | സേവന മേഖല | 10 ലക്ഷം | 500 | 200 | 300 |
| 23 | കെ പി സക്കീന | വളം ഡിപ്പോ | സേവന മേഖല | 10 ലക്ഷം | 500 | 200 | 300 |
| 24 | മജീദ് അബ്ദുൾ ഖാദർ 4/268 | മലഞ്ചരക്ക് വ്യാപാരം | സേവന മേഖല | 25ലക്ഷം | 1000 | 500 | 500 |
| 25 | മുസ്തഫ കെ പി 5/219, 220 | അനാദിക്കച്ചവടം | സേവന മേഖല | 10 ലക്ഷം | 500 | 200 | 300 |
| 26 | ഇബ്രാഹിം മുഹമ്മദ് | ടയർ പഞ്ചറിംഗ് | സേവന മേഖല | 15 ലക്ഷം | 1000 | 300 | 700 |
| 27 | പി വി അബ്ദുൾ സലാം 6/222 | അനാദിക്കച്ചവടം | സേവന മേഖല | 10 ലക്ഷം | 500 | 200 | 300 |
| 28 | നഫീസ യു എം 6/300 | കൂൾ ബാർ, സ്റ്റേഷണറി | സേവന മേഖല | 15 ലക്ഷം | 1000 | 300 | 700 |
| 29 | നഫീസ യു എം 6/304 | ഹോട്ടൽ | സേവന മേഖല | 25 ലക്ഷം | 1000 | 500 | 500 |
| 30 | മുഹമ്മദ് അബ്ദുൾ ഖാദർ | പലചരക്ക് | സേവന മേഖല | 15 ലക്ഷം | 1000 | 300 | 700 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 5/569 | | | | | | |
| 31 | പി ലക്ഷ്മണൻ<br>4/393 A | ഹോട്ടൽ | സേവന മേഖല | 15 ലക്ഷം | 1000 | 300 | 700 |
| 32 | അസൈനാർ കെ പി | പലചരക്ക് | സേവന മേഖല | 10 ലക്ഷം | 500 | 200 | 300 |
| 33 | റിനാസ് കെ<br>4/689 D | ഹാർഡ് വേർ സാധനങ്ങളുടെ വില്പന | സേവന മേഖല | 1 കോടി | 3000 | 1000 | 2000 |
| 34 | മുഹമ്മദ് കുഞ്ഞി കെ<br>5/520 | വാഹന റിപ്പേർ, വില്പന | സേവന മേഖല | 25 ലക്ഷം | 1000 | 500 | 500 |
| 35 | മുഹമ്മദ് കുഞ്ഞി കെ<br>5/523,526 | വാഹന റിപ്പേർ, വില്പന | സേവന മേഖല | 25 ലക്ഷം | 1000 | 500 | 500 |
| 36 | ഹരിദാസ് ചീയഞ്ചേരി<br>5/537 | പെട്രോൾ പമ്പ് | സേവന മേഖല | 5 കോടി | 10000 | 5000 | 5000 |
| 37 | പി വി ശിവൻ<br>5/570 | ടെക്സ്റ്റയിൽസ് | സേവന മേഖല | 15 ലക്ഷം | 1000 | 300 | 700 |
| 38 | പി വി കൃഷ്ണൻ നായർ<br>6/310 | സ്റ്റേഷണറി | സേവന മേഖല | 5 ലക്ഷം | 400 | 100 | 300 |
| 39 | മൊയ്തീൻകുട്ടി<br>4/593 H | ബേക്കറി | സേവന മേഖല | 25 ലക്ഷം | 1000 | 500 | 500 |
| 40 | സി പി ശിഹാബുദ്ദീൻ<br>6/417 C | ഇന്റർലോക്ക് , ഹോളോബ്രിക്സ് നിർമാണ യൂണിറ്റ് | ഉല്പാദന മേഖല | 3 കോടി | 3000 | 2000 | 1000 |
| 42 | അബ്ദുൾ റഹിമാൻ<br>9/334 | പ്ലൈവുഡ് അസംസ്കൃത സാധനങ്ങൾ സ്റ്റോക്ക് ചെയ്ത് വില്പന | സേവന മേഖല | 2കോടി | 5000 | 2000 | 3000 |
| 43 | കെ എസ് ഫൈസൽ<br>7/268 | പ്ലൈവുഡ്, ബ്ലാക്ക് ബോർഡ് നിർമാണം, വിപണനം | സേവന മേഖല | 3 കോടി | 7000 | 4000 | 3000 |
| 44 | കെ എസ് ഫൈസൽ<br>7/264 | പ്ലൈവുഡ്, ബ്ലാക്ക് ബോർഡ് നിർമാണം, വിപണനം | സേവന മേഖല | 2 കോടി | 5000 | 3000 | 2000 |
| 45 | കെ എസ് ഫൈസൽ<br>7/267 | പ്ലൈവുഡ്, ബ്ലാക്ക് ബോർഡ് നിർമാണം, വിപണനം | സേവന മേഖല | 4 കോടി | 10000 | 5000 | 5000 |
| 46 | കെ എസ് സിയാദ്<br>7/265 | പ്ലൈവുഡ്, ബ്ലാക്ക് ബോർഡ് നിർമാണം, വിപണനം | സേവന മേഖല | 4 കോടി | 10000 | 5000 | 5000 |
| 47 | കെ പി റഷീദ | പ്ലൈവുഡ്, | സേവന | 4 കോടി | 10000 | 5000 | 5000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 7/269 | ബ്ലാക്ക് ബോർഡ് നിർമാണം, വിപണനം | മേഖല | | | | |
| 48 | അബ്ദുൾ ഹക്കീം 4/210,211 | ബേക്കറി | സേവന മേഖല | 25 ലക്ഷം | 1000 | 500 | 500 |
| 49 | ഹംസ 4/689 | സിമന്റ് സ്റ്റോക്ക് ചെയ്ത് വില്പന | സേവന മേഖല | 2 കോടി | 5000 | 2000 | 3000 |
| 50 | കെ എസ് ഫൈസൽ 7/263 | പ്ലൈവുഡ്, ബ്ലാക്ക് ബോർഡ് നിർമാണം, വിപണനം | സേവന മേഖല | 4കോടി | 10000 | 5000 | 5000 |
| 51 | കെ അബ്ദുൾ ഹമീദ് 5/577 | മൊബൈൽ ഷോപ്പ് | സേവന മേഖല | 10ലക്ഷം | 500 | 200 | 300 |
| 52 | കെ എസ് ഫൈസൽ 7/266 | പ്ലൈവുഡ്, ബ്ലാക്ക് ബോർഡ് നിർമാണം, വിപണനം | സേവന മേഖല | 4 കോടി | 10000 | 5000 | 5000 |
| 53 | മുഹമ്മദ് റാഫി 5/550,559,560,561 | സൂപർമാർക്കറ്റ് | സേവന മേഖല | 1 കോടി | 3000 | 1000 | 2000 |
| | ആകെ | | | | | | 79500 |

അപേക്ഷകരിൽ നിന്നും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് ഈടാക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/21.02.2022)നൽകിയ മറുപടിയിൽ കച്ചവടസ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയത് ടി സ്ഥാപനങ്ങൾ ഉല്പാദന മേഖലയിൽപ്പെട്ടവയാണെന്ന് കണക്കാക്കിയാണെന്നും സേവന മേഖലയിൽ ഉൾപ്പെടുത്തി മേൽ സ്ഥാപനങ്ങളിൽ നിന്നും കുറവ് വന്ന തുക എത്രയും പെട്ടെന്ന് ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കുറവ് വന്ന തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-15 വ്യാപാര സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

കുറുമാത്തൂർ ഗ്രാമ പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം താഴെപറയും പ്രകാരമാണ്.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | 100$^{m2}$ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 1847 |
| 2 | 100$^{m2}$ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 504 |
| 3 | 200$^{m2}$ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങള് | 7 |
| 4 | 200$^{m2}$ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 480 |
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യൂവൽ സ്റ്റേഷൻ | 4 |
| 6 | അസംബ്ലി കെട്ടിടം കൺവെൻഷൻ സെന്റർ തുടങ്ങിയവ | 545 |
| 7 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്,കയർപിരി ഷെഡ് | 424 |
| 8 | ഇതര വ്യവസായങ്ങൾക്കുള്ളവ | 66 |
| | ആകെ | 3877 |

കുറുമാത്തൂർ ഗ്രാമപഞ്ചായത്തിൽ ആകെ 16787 സ്ഥാപനങ്ങൾക്ക് ആണ് കെട്ടിട നമ്പർ നല്കിയിരിക്കുന്നത്, ഇതിൽ വാണിജ്യാവശ്യങ്ങൾക്കായി 3877 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 2019-20 വർഷം ഫാക്ടറീസ്, ട്രേഡേഴ്സ്, എന്റെർപ്രണർ ഷിപ്പ്, ആക്ടിവിറ്റീസ് ആന്റ് അദർ

സർവ്വീസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച 3877 കെട്ടിടങ്ങളിൽ 524 സ്ഥാപനങ്ങൾ മാത്രമെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളൂ. 2019-20 വർഷം 611 കെട്ടിടങ്ങൾ മാത്രമേ വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളൂ. ബാക്കിയുള്ള 3266 കെട്ടിടങ്ങളിൽ ഏതുതരം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമല്ല. വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ചതിന്റെ 15% കെട്ടിടങ്ങളിൽ മാത്രമാണ് ലൈസൻസ് അനുവദിച്ച് വ്യാപാര – വാണിജ്യ പ്രവർത്തനങ്ങൾ നടത്തുന്നത്. ബാക്കിയുള്ള 85% കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വ്യാപാര-വാണിജ്യ പ്രവർത്തനങ്ങൾ നടത്താൻ സാധ്യതയുണ്ട്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനു മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിനും സുരക്ഷിതത്വത്തിനും ഹാനികരമാകാനും സാധ്യതയേറെയാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.12/19.02.22) വ്യാപാരം ആരംഭിച്ച അഞ്ഞൂറ്റി ഇരുപത്തി നാല് സംരംഭകരിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ടെന്നാണ് അറിയിച്ചത്. വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിക്കുകയും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെങ്കിലും അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റിൽ എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വാർഡടിസ്ഥാനത്തിലുള്ള വ്യാപാരികളുടെ ലിസ്റ്റ് ഓരോ സാമ്പത്തിക അർദ്ധവർഷവും കാലികമായി തയ്യാറാക്കി സൂക്ഷിക്കേണ്ടത് പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ കർത്തവ്യമാണ്. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റികൺസൈൽ ചെയ്യേണ്ടതുമാണ്.

## 1-16 സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

1. 1997ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. കൂടാതെ ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ 2018-19 രജിസ്റ്റർ ചെയ്തിട്ടുള്ള താഴെപ്പറയുന്ന സ്വകാര്യ ആശുപത്രി/സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനം 2019-20 വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിടനമ്പർ | ഉടമസ്ഥന്റെ പേര്/സ്ഥാപനം |
|---|---|---|
| 1. | 4/715 | ഡോ അർഷാദ്<br>ഫാത്തിമ ഡെന്റൽ ക്ലിനിക്ക് |

രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫീസ് ഈടാക്കി അറിയിക്കേണ്ടതാണ്.

2. 1996 കേരള പഞ്ചായത്തിരാജ് നിയമം (ഫാക്ടറീസ്, ട്രേഡേഴ്സ്, എന്റെർപ്രണർ ഷിപ്പ്, ആക്ടിവിറ്റിസ് ആന്റ് അദർ സർവ്വീസ് ലൈസൻസ്) ചട്ടം 3 ലെ ഒന്നാം പട്ടികയിലെ ക്രമ നമ്പർ 142 പ്രകാരം സ്വകാര്യ ആശുപത്രികളുടെ നടത്തിപ്പിനും 143പ്രകാരം സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾലാബുകൾ മുതലായവയുടെ നടത്തിപ്പിനും ലൈസൻസ് എടുക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ 2019-20 രജിസ്റ്റർ ചെയ്തിട്ടുള്ള താഴെപ്പറയുന്ന സ്വകാര്യ ആശുപത്രി/സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2019-20 വർഷം എഫ്.ടി.ഇ. & ഒ.എസ് ലൈസൻസെടുത്തിട്ടില്ല.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ/ സ്ഥാപനം | ഉടമസ്ഥന്റെ പേര്/ |
|---|---|---|
| 1. | XVII/<br>നീതി ബയോലാബ് | ഹിശാം അബ്ദുള്ള |
| 2. | ഡെന്റൽ കെയർ | മുഹമ്മദ് നയിം സാഹിബ് |
| 3. | VII/416 A B<br>സമത ആയുർവ്വേദ | നവനീത് വി |

മേൽ സ്ഥാപനം ഫീസ് ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (27/21.02.22) ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-17 തൊഴിൽ നികുതി അപാകങ്ങൾ

1. എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന

1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1എ) , 1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം3,4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു. 2019-20 വർഷത്തെ എഫ് ടി ഇ &ഒ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര് | ജീവനക്കാരുടെ എണ്ണം | കെട്ടിട നമ്പർ/സംരഭം |
|---|---|---|---|
| 1 | കെ എസ് ഫൈസൽ | 20 | 7/264<br>പ്ലൈവുഡ്, ബ്ലാക്ക് ബോർഡ് നിർമാണം, വിപണനം |
| 2 | കെ എസ് ഫൈസൽ | 25 | 7/267<br>പ്ലൈവുഡ്, ബ്ലാക്ക് ബോർഡ് നിർമാണം, വിപണനം |
| 3 | കെ എസ് സിയാദ് | 20 | 7/265<br>പ്ലൈവുഡ്, ബ്ലാക്ക് ബോർഡ് നിർമാണം, വിപണനം |
| 4 | കെ പി റഷീദ | 16 | 7/269<br>പ്ലൈവുഡ്, ബ്ലാക്ക് ബോർഡ് നിർമാണം, വിപണനം |
| 5 | കെ എസ് ഫൈസൽ | 14 | 7/263<br>പ്ലൈവുഡ്, ബ്ലാക്ക് ബോർഡ് നിർമാണം, വിപണനം |
| 6 | കെ എസ് ഫൈസൽ | 33 | 7/266<br>പ്ലൈവുഡ്, ബ്ലാക്ക് ബോർഡ് നിർമാണം, വിപണനം |
| 7 | മുഹമ്മദ് അനസ് എം | 4 | 4/646 C D<br>ഹോട്ടൽ |
| 8 | പി വി രാജേഷ് | 2 | 8/455<br>റസ്റ്റോറന്റ് |
| 9 | രശ്മി വി | 2 | 12/496<br>വളം സ്റ്റോക്ക് ചെയ്ത് വില്പന |
| 10 | അബ്ദു നാസർ കെ | 3 | 13/427 A<br>ബേക്കറി |
| 11 | കൃഷ്ണൻ കോക്കില | 2 | 11/547<br>ബേക്കറി |
| 12 | അർഷദ് എൻ.എം | 4 | 4/271<br>ഹോട്ടൽ |
| 13 | കുമാരൻ വി പി | 2 | 7/340 G<br>വാട്ടർ സർവ്വീസ് സറ്റേഷൻ |
| 14 | റിനാസ് | 2 | 8/381 D<br>ഫർണിച്ചർ നിർമാണം |
| 15 | എം വി വിജയൻ | 4 | 12/497,498<br>വളംവില്പന |

2019-20 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത മേല്പറഞ്ഞ വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3) പാലിയേറ്റീവ് ആവശ്യങ്ങൾക്ക നിയമിച്ച ഡ്രൈവർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4) ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

5) ഐ.സി.ഡി.എസ്. സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ വിവിധ ആവശ്യങ്ങൾക്ക നിയമിച്ച ഡ്രൈവർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

6) അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാരുടെ രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല.

7) ഗ്രാമ പഞ്ചായത്ത് 2019-20 വർഷം വിവിധ ആവശ്യങ്ങൾക്ക് ദിവസ വേതനത്തിന് നിയമിച്ച ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(3/09.02.22) മറുപടിയായി 2019-20 സാമ്പത്തിക വർഷത്തിൽ മേല്പറഞ്ഞവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## <u>1-18 ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിലെ അപാകങ്ങൾ ₹66856 ചെലവ് തടസ്സപ്പെടുത്തുന്നു.</u>

ജി.ഒ(പി)44/2019/ധന തീയതി 04-04-2019 പ്രകാരം 01/2018 മുതൽ 03/2019 ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിൽ ജീവനക്കാരൻ കുറുമാത്തൂർ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്യാത്ത കാലയളവ് ഉൾപ്പെടെയാണ്. ജീവനക്കാരൻ മുന്നേ ജോലിചെയ്തിരുന്ന സ്ഥാപനങ്ങളിൽ നിന്ന് തുക അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം , ഡ്രോൺ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കാതെയാണ് കുടിശ്ശിക അനുവദിച്ചത് വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പേര് തസ്തിക | കുറുമാത്തൂർ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച തീയതി | അനുവദിച്ച തുക ₹ | ആവശ്യമായ രേഖകൾ |
|---|---|---|---|---|
| 1 | ശ്രീ.ജിതേഷ് പി കെ അസിസ്റ്റന്റ് സെക്രട്ടറി (വൗച്ചർനമ്പർ 21900135/25-05-2019 ₹216762) | 22-06-2018 | 24790 | 01-01-2018 മുതൽ 21-06-2018 വരെ ജോലി ചെയ്ത ഓഫീസുകളിൽ നിന്നുള്ള ഡ്രോൺ സ്റ്റേറ്റ്മെന്റ്, കുടിശ്ശിക അനുവദിച്ചിട്ടില്ലായെന്നുള്ള സാക്ഷ്യപത്രം |
| 2 | ശ്രീ.ബാബു എം വി ഓഫീസ് അസിസ്റ്റന്റ് (വൗച്ചർ നമ്പർ 21900135/25-05-2019 ₹216762) | 20-06-2018 | 13,266 | 01-01-2018 മുതൽ 19-06-2018 വരെ ജോലി ചെയ്ത ഓഫീസുകളിൽ നിന്നുള്ള ഡ്രോൺ സ്റ്റേറ്റ്മെന്റ്, കുടിശ്ശിക അനുവദിട്ടില്ലായെന്നുള്ള സാക്ഷ്യപത്രം |
| 3 | ശ്രീ രാമകൃഷ്ണൻ കെ സെക്രട്ടറി (വൗച്ചർ നമ്പർ 21900199/14- | 23-02-2018 | 28800 | 01-01-2018 മുതൽ 22-02-2018 വരെ ജോലി ചെയ്ത ഓഫീസുകളിൽ നിന്നുള്ള ഡ്രോൺ സ്റ്റേറ്റ്മെന്റ്, കുടിശ്ശിക അനുവദിട്ടില്ലായെന്നുള്ള സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| | 06-2019 ₹28800) | | | |
| | | | 66856 | |

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/21-02-2022) രേഖകൾ ഹാജരാക്കുന്നതാണെന്ന മറുപടി നല്കിയിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ₹66856 ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിലെ പങ്കാളിത്ത പെൻഷൻ വിഹിതം ഈടാക്കി ഒടുക്കാത്തത്.

വൗച്ചർ നമ്പർ 21900135/25-05-2019 ₹216762

ജി.ഒ(പി)44/2019/ധന തീയതി 04-04-2019 പ്രകാരം 01/2018 മുതൽ 03/2019 ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിൽ താഴെ പറയുന്ന ജീവനക്കാരുടെ കുടിശ്ശികയിൽ നിന്ന് പങ്കാളിത്ത പെൻഷൻ വിഹിതം ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് തസ്തിക | അനുവദിച്ച തുക |
|---|---|---|
| 1 | ശ്രീമതി അനുശ്രീ കെ ക്ലർക്ക് | 12360 |
| 2 | ശ്രീമതി ഷൈമ എം ക്ലർക്ക് | 11445 |
| 3 | ശ്രീമതി.ഷീബ പി വി | 11155 |

പങ്കാളിത്ത പെൻഷൻ ബാധകമായ ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശിക അനുവദിച്ചതിന്റെ പങ്കാളിത്ത പെൻഷൻ ജീവനക്കാരുടെ വിഹിതവും സ്ഥാപന വിഹിതം ചേർത്ത് ഒടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 റോഡ് പ്രവൃത്തികൾക്കാവശ്യമായ ബിറ്റുമിൻ വാങ്ങിയത്-അധികമായി ഒടുക്കിയ തുക തിരികെ ലഭിച്ചിട്ടില്ല. ₹75506 തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവർത്തികൾക്കായി വി.ജി.30 (340 ബാരൽ), RS-1 (36 ബാരൽ),എന്നിവ വാങ്ങുന്നതിനായി ₹26,43,262 (വൗച്ചർ നമ്പർ 21900895/12-12-2019) രൂപ ഭാരത് പെട്രോളിയം കോർപ്പറേഷൻ,ലിമിറ്റഡ്, കൊച്ചി എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. ബിറ്റുമിൻ വില വ്യത്യാസം കാരണം ₹75506 തിരികെ ലഭിക്കാനുണ്ട്. ലഭിച്ച ബിറ്റുമിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 4550376287 | 17-12-2019 | 807154 |
| 2 | 4550376642 | 18-12-2019 | 807154 |
| 3 | 4550377187 | 19-12-2019 | 665786 |
| 4 | 4550378432 | 21-12-2019 | 116434 |
| 5 | 4550380144 | 26-12-2019 | 93936 |
| 6 | 4550383655 | 03-01-2020 | 77292 |
| | | | 2567756 |

2643262-2567756=₹75506 ഭാരത് പെട്രോളിയം കോർപ്പറേഷൻ,ലിമിറ്റഡ് , കൊച്ചി എന്ന സ്ഥാപനത്തിൽ നിന്ന് തിരികെ ലഭിക്കാനുണ്ട്. ₹75506 തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.26/21.02.2022).

## 1-21 തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപണി അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ / പേര് | 160/20 തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപണി |
| അടങ്കൽ | 2,50,000/- (തനത് ഫണ്ട്) |
| വൗച്ചർ നമ്പർ തീയതി | 21900752/05-11-2019 |
| തുക | 120000 |
| കരാറുകാരൻ | ശിവജി നടക്കൽ |

1-തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റ പണിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാതെയാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചത്. കരാറുകാരൻ ₹300000 എസ്റ്റിമേറ്റ് നിരക്ക് കണക്കാക്കി 20.30%കുറഞ്ഞ നിരക്കിൽ (2,39,000) കരാറിൽ ഏർപ്പെടുകയാണ് ചെയ്തത്.

2-സർക്കുലർ നമ്പർ 3055/ഡി എ3/2011 ത.സ്വ.ഭ.വ തീയതി 15.9.2011 ലെ പ്രകാരം കരാർ തുകയുടെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകേണ്ടതാണ്. കരാർ തുകയുടെ 10% 239000x10%=23900 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായി ഇടാക്കുന്നതിന്

പകരം 13000/- രൂപ മാത്രമാണ് സെക്യൂരിറ്റി ഡെപ്പോസിറ്റായി സ്വീകരിച്ചത്.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/22.02.2022) എസ്റ്റിമേറ്റ് തയ്യാറാക്കിയില്ലെന്നും, 5% മാത്രമാണ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അപാകങ്ങൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-22 സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകങ്ങൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രൊജക്ടുകളിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ പേര് | തുക നൽകിയത് | വൗച്ചർ നമ്പർ/ ബിൽ നമ്പർ/ തുക/ഫണ്ട് | അപാകങ്ങൾ |
|---|---|---|---|---|
| 1 | 205/20 തെരുവ് വിളക്കുകൾക്ക് എൽ ഇ ഡി വാങ്ങൽ | ക്രൂസ് കാസർക്കോട് | 21900619/09-10-2019 34665 (തനത് ഫണ്ട്) | 15 എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 2 | 58/2020 അംഗൻവാടികളിൽ കുടിവെള്ള കണക്ഷൻ എടുക്കൽ | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടമെന്റ് കണ്ണൂർ | 18-12-2019 79<br>15/25-11-2019 5304<br>17/19-12-2019 34696<br>ആകെ 40079 40000 ധനകാര്യ കമ്മീഷൻ അവാർഡ് 79 തനത് ഫണ്ട് | പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/22-02-2022 ) തെരുവ് വിളക്കുകൾ ഒന്നാം വാർഡിൽ സ്ഥാപിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അംഗൻവാടികളിൽ കുടിവെള്ള കണക്ഷന് ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രവർത്തികളുടെ വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-23 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| ക്രമ നമ്പർ | ഇനം | വൗച്ചർ നമ്പർ | തുക |
|---|---|---|---|
| 1 | കണ്ണപ്പിലാവ് അംഗൻവാടി ഇലക്ട്രിക്ക് കണക്ഷന് വേണ്ടി അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ തളിപ്പറമ്പിന് നൽകിയത്<br>നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി | 21900475/30-08-2019 | 32438 |
| 2 | പൂമംഗലം വില്ലേജ് നോളജ് സെന്റർ നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന HT ലൈൻ മാറ്റുന്നതിന് കെ എസ് ഇ ബി കരിമ്പം സെക്ഷനിൽ ഒടുക്കിയ തുക<br>നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി | 21900792/18-11-2019 | 98533 |
| 3 | മുഴൂർ ഗവൺമെന്റ് എൽ പി സ്കൂൾ ആഡിറ്റോറിയത്തിന്റെ മുകളിലുള്ള വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കുന്നതിന്<br>കെ എസ് ഇ ബി കരിമ്പം സെക്ഷന് നൽകിയത്<br>നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി | 21900793/18-11-2019 | 10972 |

മേൽപ്പറഞ്ഞ പ്രവൃത്തികൾക്കായി പഞ്ചായത്ത് മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/22-02-2022) പ്രവൃത്തി പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട്. പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-24 എസ്.എൽ.ഐ., ജി.ഐ.എസ് . വരിസംഖ്യ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

സംസ്ഥാന ലൈഫ് ഇൻഷൂറൻസ് പദ്ധതിയിൽ ജി.ഒ.(പി) 149/2016/ധന തീയതി 04-10-2016 പ്രകാരം നിശ്ചയിച്ച നിരക്കിലും കുറഞ്ഞ നിരക്കിലാണ് ജീവനക്കാർ വരിസംഖ്യ നല്കുന്നത് വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പേര് | തസ്തിക | അടിസ്ഥാന ശമ്പളം | ഈടാക്കുന്ന വരിസംഖ്യ | ഈടാക്കേണ്ട വരിസംഖ്യ |
|---|---|---|---|---|---|
| 1 | ശ്രീ ജിതേഷ് പി കെ | അസിസ്റ്റന്റ് സെക്രട്ടറി | 41500 | 300 | 500 |
| 2 | ശ്രീ വത്സലൻ എ കെ | സീനിയർ ക്ലർക്ക് | 33100 | 100 | 300 |
| 3 | ശ്രീ. ദിലീപ് പി | ഹെഡ് ക്ലാർക്ക് | 35700 | 350 | 500 |

2-ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയിൽ ജി.ഒ.(പി) 112/2016/ധന തീയതി 01-08 -2016 പ്രകാരം നിശ്ചയിച്ച നിരക്കിലും കുറഞ്ഞ നിരക്കിലാണ് ജീവനക്കാർ വരിസംഖ്യ നല്കുന്നത് വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പേര് | തസ്തിക | ശമ്പള സ്കെയിൽ | ഈടാക്കുന്ന വരിസംഖ്യ | ഈടാക്കേണ്ട വരിസംഖ്യ |
|---|---|---|---|---|---|
| 1 | ശ്രീ ബാബു എം വി | ക്ലർക്ക് | 19000-43600 | 300 | 400 |

സർക്കാർ നിശ്ചയിച്ച നിരക്കിൽ എസ് എൽ ഐ, ജി ഐ എസ് വരിസംഖ്യ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.31/22.02.2022).

## 1-25 സമൃദ്ധി സംരംഭകർക്ക് റിവോൾവിംഗ് ഫണ്ട് - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, പന്നിയൂർ സർക്കിൾ |
| പ്രോജക്ട് നം. | 11/2020 |
| പ്രോജക്ടിന്റെ പേര് | സമൃദ്ധി സംരംഭകർക്ക് റിവോൾവിംഗ് ഫണ്ട് |
| അടങ്കൽ | ₹2,00,000 (തനത് ഫണ്ട്) |
| ചെലവ് | ₹65,000 |
| ചെക്ക് നം. & തീയതി | 01083445/25.3.2020 |

ഗുണഭോക്താക്കൾക്ക് സംരംഭം തുടങ്ങുന്നതിനായി ബാങ്ക് വായ്പ ലഭിച്ചശേഷം വായ്പയുടെ 10% റിവോൾവിംഗ് ഫണ്ടായി നൽകുന്നു. ഇപ്രകാരം 3 വ്യക്തികൾക്കും ഒരു ഗ്രൂപ്പിനുമായി ₹65,000 നൽകിയിട്ടുണ്ട്. ടി വ്യക്തികളിൽ ശ്രീമതി സുഹറ പി എന്നവർക്ക് ടൈലറിംഗ് യൂണിറ്റ് തുടങ്ങുന്നതിനായി ₹ 100000 കുറുമാത്തൂർ സർവീസ് സഹകരണ ബാങ്കിൽ നിന്നും 10.2.2019 ന് വായ്പ ലഭിച്ചതിനെ തുടർന്ന് ₹ 10000 റിവോൾവിംഗ് ഫണ്ടായി 23.7.2019 ന് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഫണ്ട് കൈപ്പറ്റി രണ്ട് വർഷം കഴിഞ്ഞിട്ടും ടി വ്യക്തി ഫണ്ടിന്റെ തിരിച്ചടവ് നടത്തിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.40/23.02.2022).

റിവോൾവിംഗ് ഫണ്ട് തിരിച്ചടപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-26 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 12/2019-20 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹187500 (വികസന ഫണ്ട്)<br>₹187500 (സംസ്ഥാന വിഹിതം)<br>₹375000 (ഗുണഭോക്തൃ വിഹിതം)<br>₹750000 |
| ചെലവ് | ₹187500 (വികസന ഫണ്ട്) |
| ബിൽ നമ്പർ, തീയതി | KP5/19-20,14.8.2019 ₹187500 |

ഗുണമേന്മയുള്ള തീറ്റ നൽകി കന്നുകുട്ടികളെ നല്ല പാലുല്പാദകരാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. .കരിമ്പം ക്ഷീരോല്പാദക സഹകരണ സംഘം മുഖേനയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത് . 6250 വീതം 30 ഗുണഭോക്താക്കൾക്കുള്ള ധനസഹായം S L B P ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ( A/C No.719011400000003) മേൽ ബിൽ പ്രകാരം അനുവദിച്ചിട്ടുണ്ട് .

1. പദ്ധതി തുടങ്ങിയതിന്റെ വിവരം , പദ്ധതിയുമായി ബന്ധപ്പെട്ട കാലിത്തീറ്റ വിതരണ രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് .

2. കന്നുകുട്ടികളിലേതെങ്കിലും ഇക്കാലയളവിനുള്ളിൽ മരണമടയുകയോ പദ്ധതിയിൽ നിന്നും വിട്ട് നിൽക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല.

3. എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ലഭിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

4. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

മേൽ വിവരങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.37/22.2.2022 ന് പദ്ധതി നടപ്പിലാക്കുന്നത് S L B P തളിപ്പറമ്പ് ബ്ലോക്ക് വെറ്ററിനറി സർജൻ ആണെന്നും കാലിത്തീറ്റ രജിസ്റ്റർ സൂക്ഷിക്കുന്നതും എൻറോൾ ചെയ്ത കന്നുകുട്ടികളുടെ വളർച്ച, ആരോഗ്യം മുതലായവ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ റിപ്പോർട്ട് ചെയ്യുന്നതിനനുസരിച്ച് മേൽ വെറ്ററിനറി സർജൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-27 കന്നുകുട്ടി സംരക്ഷണം -വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ, പേര് | 24/20 ,കന്നുകുട്ടി സംരക്ഷണം |
| അടങ്കൽ | ₹437500 (വികസന ഫണ്ട്)<br>₹437500<br>(ഗുണഭോക്തൃ വിഹിതം)<br>₹875000 |
| ബിൽ നമ്പർ, തീയതി/ചെലവ് | KP7/19-20,18.11.2019 - ₹437500 |

സംസ്ഥാന സർക്കാർ വിഹിതം കൂടിയുള്ള പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ആനുകൂല്യം ലഭിക്കാത്തവർക്ക് കാലിത്തീറ്റ സബ്സിഡി ലഭിക്കുന്നതിനായി മുഴുവൻ സബ്സിഡി തുകയും പഞ്ചായത്ത് വിഹിതമായി വഹിച്ചു കൊണ്ടുള്ള പദ്ധതിയാണിത്. ടി പദ്ധതി പ്രകാരം 35 ഗുണഭോക്താക്കൾക്കുള്ള ധനസഹായമായ ₹437500 S L B P ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (A/C No.719011400000003) മേൽ ബിൽ പ്രകാരം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-28 എസ് എസ് എ വിഹിതം നൽകൽ - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | 59/19-20<br>എസ് എസ് എ വിഹിതം നൽകൽ |
| നിർവ്വഹണഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ് |
| അടങ്കൽ & ചെലവ് | ₹1300000 (വികസന ഫണ്ട്) |
| | |

| | |
|---|---|
| ബിൽ നം. & തീയതി | 1/08.11.2019 - ₹950000<br>3/23.11.2019 - ₹350000 |

മേൽ പ്രൊജക്ട് പ്രകാരം എസ് എസ് എ 1300000 രൂപ ജില്ല പ്രൊജക്ട് ഓഫീസർ എസ് എസ് കെ ,കണ്ണൂരിന് (A/C No.0704101110720) കൈമാറിയിട്ടുണ്ട്. ഇത് സംബന്ധിച്ച് താഴെ ചേർത്ത അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ തീയ്യതി 29.1.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6(3) പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ ത.സ്വ.ഭ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.. എന്നാൽ തൻവർഷം പ്രൊജക്ട് രൂപീകരണത്തിൽ പഞ്ചായത്തിന്റെ പങ്ക് വ്യക്തമാക്കുന്ന നിർദ്ദേശങ്ങളോ രേഖകളോ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സ്കൂളുകളിൽ എസ്.എസ്.എ. മുഖേന നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് വിദ്യാഭ്യാസം, കായികം, യുവജനക്ഷേമ വർക്കിങ്ങ് ഗ്രൂപ്പിൽ ചർച്ച നടത്തിയതായോ കാണുന്നില്ല.

2) ഓഡിറ്റ് വർഷത്തിൽ എസ്.എസ്.എ ആക്ഷൻ പ്ലാൻ പ്രകാരം ഏതൊക്കെ വിദ്യാലയങ്ങളിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

3)പ്രൊജക്ട് പ്രകാരം കൈമാറിയ 1300000 രൂപ ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പ്രോജക്ടിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് അനുസൃതമായി തുക ഏതെല്ലാം കാര്യങ്ങൾക്ക് വിനിയോഗിച്ചു എന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.38/22.2.2022 ന് SSA യുമായി ബന്ധപ്പെട്ട് വിശദമായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

ഇത്രയും വലിയ തുക പദ്ധതി നിർവഹണത്തിനായി കൈമാറുമ്പോൾ ടി തുക ഏതെല്ലാം കാര്യങ്ങൾക്ക് വിനിയോഗിച്ചുവെന്നും പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ടോയെന്നും ഉറപ്പ് വരുത്തേണ്ടത് നിർവഹണ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്. ഭാവിയിൽ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 കോക്ലിയർ ഇംപ്ലാന്റേഷൻ ചെയ്തവർക്ക് ധനസഹായം - സാമൂഹ്യ സുരക്ഷാമിഷന് ഫണ്ട് കൈമാറൽ - രേഖകൾ ഹാജരാക്കിയിട്ടില്ല-ചെലവ് തുക 250000 രൂപ തടസപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണം | ഐസിഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ/പേര് | 230/20, കോക്ലിയർ ഇംപ്ലാന്റേഷൻ ചെയ്തവർക്ക് ധനസഹായം - സാമൂഹ്യ സുരക്ഷാമിഷന് ഫണ്ട് കൈമാറൽ |
| അടങ്കൽ & ചെലവ് | ₹200000 (വികസന ഫണ്ട്,ജനറൽ)<br>₹50000 (തനത് ഫണ്ട്)<br>₹250000 |
| ബിൽ നം. & തീയതി ചെക്ക് നം. & തീയതി | 11/24.1.2020 - ₹200000<br>JN1331834/22.2.2020 ₹50000 |

കോക്ലിയർ ഇംപ്ലാന്റ് ചെയ്ത കുട്ടികളുടെ ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിന് ഒരു കുട്ടിക്ക് 50000/- രൂപ നിരക്കിൽ സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. അതു പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലെ അർഹരായ 5 കുട്ടികളുടെ ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിന് 250000/- രൂപ മേൽ ബിൽ പ്രകാരം സാമൂഹ്യ സുരക്ഷാ മിഷന് കൈമാറിയിട്ടുണ്ട്. താഴെ പറയുന്ന വിദ്യാർത്ഥികളുടെ ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിനാണ് തുക ചെലവഴിച്ചത്.

| ക്രമ നം. | പേര് |
|---|---|
| 1 | നവീൻ ഉമേഷ്, നവീൻ നിവാസ്, ക്ലനം, പന്നിയൂർ |
| 2 | ആദിദേവ് ബൈജു, കണ്ണോത്ത് വളപ്പിൽ, പള്ളിവയൽ,മുയ്യം |
| 3 | ലിയാന എം പി,അമ്പിലോത്ത് പുതിയപുരയിൽ, കോട്ടപ്പുറം, കുറുമാത്തൂർ |
| 4 | തന്മയ എം, മരുതിയോടൻ ഹൗസ്, പൂമംഗലം, പന്നിയൂർ പി ഒ |
| 5 | ഹരികൃഷ്ണൻ എ, പുത്തലത്ത് ഹൗസ്, മുണ്ടേരി, മുയ്യം |

എന്നാൽ സോഷ്യൽ സെക്യൂരിറ്റി മിഷൻ തുക കൈപ്പറ്റിയതിന്റെ രേഖ, വിനിയോഗ സാക്ഷ്യപത്രം, വിദ്യർത്ഥികളുടെ ഉപകരണങ്ങൾ റിപ്പയർ ചെയ്തിന്റെ രേഖ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 45/24.2.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവു തുക ₹250000 തടസ്സപ്പെടുത്തുന്നു.

## 1-30 അങ്കണവാടികൾ ശിശു സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ചുമർചിത്രം വരയ്ക്കൽ - രേഖകൾ ഹാജരാക്കിയിട്ടില്ല.ചെലവ് തുക 350000/- രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണം | ഐസിഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ/പേര് | SO165/20 (Spill Over) അങ്കണവാടികൾ ശിശു സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ചുമർചിത്രം വരയ്ക്കൽ |
| അടങ്കൽ & ചെലവ് | ₹350000 (MG-NR) |
| ബിൽ നം. & തീയതി | 4/19.8.2019 |

I)അങ്കണവാടികൾ ശിശു സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ചുമർചിത്രം വരയ്ക്കുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ ടെണ്ടർ (₹458/M2) സമർപ്പിച്ച കീർത്തി യൂണിഫോംസ് & മാച്ചിംഗ് സെന്റർ എന്ന സ്ഥാപനത്തെ ഏൽപ്പിക്കുകയും ചെയ്തു. പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് മേൽ സ്ഥാപനം തയ്യാറാക്കിയിട്ടില്ല. സ്ഥാപനം സമർപ്പിച്ച ബിൽ പ്രകാരം 764.19 M2X₹408.93 +12% GST (312500+18750 (GST)+18750 (SGST) നിരക്കിൽ ₹350000 അനുവദിച്ചു.

2. എൽ എസ് ജി ഡി എഞ്ചിനീയർ മേൽ പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല.

3.മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഇല്ല.
4.ചിത്രരചന നടത്തിയ കീർത്തി യൂണിഫോം & മാച്ചിംഗ് സെന്റർ എന്ന സ്ഥാപനം ചിത്രരചനയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനമാണെന്നതിന്റെ വ്യക്തമായ രേഖകൾ ഇല്ല.

മേൽ പരാമർശിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 50/24.2.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹350000 തടസ്സപ്പെടുത്തുന്നു.

II) <u>ആദായ നികുതി ഈടാക്കിയതിൽ കുറവ്</u>

ആദായ നികുതി നിയമത്തിലെ സെക്ഷൻ 194സി പ്രകാരം 30000 രൂപയിൽ അധികരിച്ചുള്ള കരാറുകൾക്കും സേവനങ്ങൾക്കും ബാധകമായ ആദായ നികുതി നിരക്ക് വ്യക്തികൾക്ക് 1% വും സ്ഥാപനങ്ങൾക്ക് 2% വുമാണ്.മേൽ സ്ഥാപനത്തിൽ നിന്നും 2% (₹6250) ആദായ നികുതി ഈടാക്കുന്നതിന് പകരം 1% (₹3125)ആണ് ഈടാക്കിയിട്ടുള്ളത്. ₹3125 കൂടി ഈടാക്കി ഒടുക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-31 മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അനുവദനീയമായതിലും അധികം നൽകിയ ₹ 40845 നിരാകരിക്കുന്നു

| | |
|---|---|
| നിർവ്വഹണം | ഐസിഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ/പേര് | 64/20 ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ & ചെലവ് | ₹550000 (വികസന ഫണ്ട്)<br>₹250000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br><u>₹250000</u>(ജില്ലാ പഞ്ചായത്ത് വിഹിതം)<br>₹10,50,000 |
| ബിൽ നം. & തീയതി<br>ചെക്ക് നം. & തീയതി | 13/14.3.2020 - ₹550000<br>14/16.3.2020 - ₹250000<br>JK2967671/18.3.2020<br>₹250000 |

ഗുണഭോക്തൃ ലിസ്റ്റിൽഉൾപ്പെട്ട 71 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതാണ് പദ്ധതി. പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. മുഹമ്മദ്അലി കെ, S/O ഖദീജ.പി,പണിക്കാകത്ത് ഹൗസ്, കരിമ്പം പി ഒ, മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥിയാണ്. ഈ വിദ്യാർത്ഥിക്ക് സ.ഉ (കൈ) നം.22/2018/തസ്വഭവ തീയതി 14.2.2018 നം. ഉത്തരവിലെ ഖ.7.1.6 (ബി) പ്രകാരം സ്കോളർഷിപ്പ് മറ്റ് ബത്തകൾ ഉൾപ്പെടെ അനുവദിക്കാവുന്ന പരമാവധി തുക 28500/- രൂപയാണ് (സ്കോളർഷിപ്പ് (പ്രതിമാസം) -1000/- രൂപ, വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) - 1500/- രൂപ, പഠനസഹായി/വിദ്യാഭ്യാസ സാമഗ്രികൾക്കുള്ള ബത്ത (വാർഷികം) – 2000/- രൂപ, ഡേ സ്കോളർഷിപ്പ് യാത്രാബത്ത (പ്രതിമാസം) – 1000/- രൂപ, ഉല്ലാസ യാത്രാചെലവുകൾ – രക്ഷിതാക്കളിൽ ഒരാൾക്ക് ഉൾപ്പെടെ – 1000/- രൂപ ). എന്നാൽ ടി വിദ്യാർത്ഥിക്ക് 51200/- (30000+21200) അനുവദിച്ചതായി കാണുന്നു. 22700/- രൂപ അധികം അനുവദിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം അനുവദിച്ച 22700/- രൂപ ഓഡിറ്റ് നിരാകരിക്കുന്നു.

2. ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത വിഷ്ണു കെ വി എന്ന വിദ്യാർത്ഥിക്ക് 18,145/- രൂപ A/C.No. 20040519360, SBI Taliparamba) സ്കോളർഷിപ്പ് ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. ടി വിദ്യാർത്ഥിയുടെ അപേക്ഷയോ അനുബന്ധ രേഖകളോ പ്രോജക്ട് ഫയലിൽ ഇല്ല. ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്ത വിദ്യാർത്ഥിക്ക് നൽകിയ 18,145/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

3.ഗുണഭോക്തൃ ലിസ്ററിൽ ക്രമ നം.3 ആയി ഉൾപ്പെട്ട വീഷ്ണ എം.വി D/O വിമല എം.വി എന്ന മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥിനിയുടെ അപേക്ഷയും അനുബന്ധ രേഖകളും ബന്ധപ്പെട്ട ഫയലിൽ ഉണ്ട്. എന്നാൽ ടി വിദ്യാർത്ഥിനിക്ക് ആനുകൂല്യം അനുവദിച്ചതായി കാണുന്നില്ല.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.51/24.2.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
വിശദീകരണത്തിന്റേയും രേഖകളുടേയും അഭാവത്തിൽ അനുവദനീയമായതിലും അധികം ചെലവഴിച്ചതും അർഹതയില്ലാത്ത വിദ്യാർത്ഥിക്ക് ആനുകൂല്യം നൽകിയതുമായ 40,845/- (22700+18145) രൂപ നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-32 ന്യൂട്രിമിക്സ് സാമ്പിൾ - ലാബ് പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

സാമൂഹ്യക്ഷേമ ഡയറക്ടറുടെ ലെറ്റർ നമ്പർ ഐ.സി.ഡി.എസ് ബി.3-312/2010, 18.12.2010 പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ലാബ് റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 47/24.2.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കുട്ടികൾക്ക് നൽകുന്ന ഭക്ഷ്യവസ്തുവിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തി വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 അങ്കണവാടികളിലേക്കുള്ള പാൽ വിതരണം - വ്യത്യസ്ത നിരക്കുകൾ ഈടാക്കുന്നു

പഞ്ചായത്തിലെ 34 അങ്കണവാടികളിലേക്കുള്ള പാൽ 6 ക്ഷീരസംഘങ്ങളാണ് വിതരണം ചെയ്യുന്നത്. ടി ക്ഷീരസംഘങ്ങൾ ലിറ്ററിന് വ്യത്യസ്ത നിരക്കുകളാണ് ഈടാക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷീരസംഘത്തിന്റെ പേര് | നിരക്ക് / ലിറ്റർ (₹) | |
|---|---|---|---|
| | | (2019 സെപ്റ്റംബർ വരെ) | 2019ഒക്ടോബർ മുതൽ മാർച്ച് വരെ) |
| 1 | കൂനം ക്ഷീരോല്പാദക സംഘം | 42 | 46 |
| 2 | പന്നിയൂർ ക്ഷീരോല്പാദക സംഘം | 44 | 48 |
| 3 | കാലിക്കടവ് ക്ഷീരോല്പാദക സംഘം | 44 | 48 |
| 4 | കരിമ്പം ക്ഷീരോല്പാദക സംഘം | 44 | 50 |
| 5 | ബക്കളം ക്ഷീരോല്പാദക സംഘം | 45 | 50 |
| 6 | ആന്തൂർ ക്ഷീരോല്പാദക സംഘം | 44 | 50 |

മേൽ ക്ഷീര സംഘങ്ങളിൽ കരിമ്പം ക്ഷീരോല്പാദക സംഘമാണ് ഏറ്റവും കൂടുതൽ പാൽ വിതരണം ചെയ്യുന്നത്. ഒരേ സാധനത്തിന് തന്നെ വ്യത്യസ്ത നിരക്ക് ഈടാക്കുന്നത് ശരിയായ നടപടിയല്ല. ഭരണസമിതിയിൽ ഇക്കാര്യം ചർച്ച ചെയ്ത് ക്ഷീരസംഘങ്ങളുമായി ആലോചിച്ച് പൊതു വിപണിയിൽ ലഭിക്കുന്നതിനേക്കാൾ കുറഞ്ഞതും ഏകീകരിച്ചതുമായ നിരക്കിൽ പാൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-34 അസി.എഞ്ചിനീയർ അംഗീകരിച്ച തുകയും കരാറുകാരന് അനുവദിച്ച തുകയും പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 207/19 |
| പേര് | ടോയ് ലെറ്റ് ബ്ലോക്ക് നിർമാണം<br>ബാവുപറമ്പ് പി എച്ച് സി |
| എസ്ററിമേററ് തുക | 490000 |
| കരാറുകാരൻ | സിജു കെ.സി |
| | |

| | |
|---|---|
| എം ബുക്ക് | 64/18-19 |
| ഫണ്ടിനം | സെൻട്രലി സ്പോൺസേർഡ് സ്കീം ഫണ്ട്<br>& തനതു ഫണ്ട് |
| ചെലവ് തുക | Cheque No. 1229748 തുക 1516<br>ബിൽ നംപർ 0/9/12/2019 തുക 360000<br>ആകെ തുക 361516 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

മേൽ പ്രൊജക്ട് സംബന്ധിച്ച എംബുക്കി ന്റെ പരിശോധനയിൽ എം ബുക്ക്64/18-19 പേജ് നം.3,4 എന്നിവയിൽ ആകെ പ്രവൃത്തി മൂല്യം 358926/- രൂപയായി അസി.എഞ്ചിനീയർ അംഗീകരിച്ചിട്ടുണ്ട്.

എന്നാൽ പേജ് 6 ൽ 361516 രൂപ പ്രവൃത്തി മൂല്യം കണക്കാക്കിയാണ് ബില്ലിൽ നിന്നും കിഴിവുകൾ വരുത്തി കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്.

മേൽ പൊരുത്തക്കേടുകൾ പരിശോധിച്ച് നിജസ്ഥിതി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അധിക തുക അനുവദിച്ചത് തിരിച്ച പിടിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. ആകെ പ്രവൃത്തി മൂല്യം 358926/- രൂപയാണ് എന്ന് അസി.എഞ്ചിനീയർ അംഗീകരിച്ചിരിക്കേ, ആയതിൽ നിന്നും വ്യത്യസ്തമായി 361516/- രൂപയിൽ നിന്നും നികുതികൾ കിഴിവുകൾ വരുത്തി കരാറുകാരന് തുക നൽകിയതിന്റെ സാഹചര്യം പരിശോധിച്ച് വ്യക്തമാക്കേണ്ടതും ആയത് പ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-35 സമയപ രിധിയ്ക്കകം കരാർ ചമച്ചില്ല.പിഴ ഇനത്തിൽ 31270/- രൂപ ഈടാക്കേണ്ടതാണ്.

ജി.ഒ.(പി) 13/2012/PWD പ്രകാരം പുറപ്പെടുവിച്ച കേരള പൊതു മരാമത്ത് മാന്വൽ അനുസരിച്ച് സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാറുടമ്പടി വെക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം PAC തുകയുടെ 1% തുക (മിനിമം 1000/- രൂപ) പിഴയായി ഈടാക്കി 10 ദിവസം വരെ കരാർ വെക്കാവുന്നതാണ്. ഇങ്ങനെ 14 ദിവസവും 10 ദിവസവും കഴിഞ്ഞും കരാർ വെക്കാത്ത പക്ഷം കരാർ റദ്ദാക്കണമെന്നും വ്യവസ്ഥയുണ്ട് (പി.ഡബ്ല്യു.ഡി മാന്വൽ ഖ.2009-6). എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ കരാർ ഒപ്പിടാൻ കാലതാമസം വരുത്തിയ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കി കാണുന്നില്ല. AE-KMTR/S-44/2018-19 കത്ത് പ്രകാരം മേൽ കാര്യങ്ങൾ വ്യക്തമാക്കികൊണ്ട് കരാറുകാരനെ അറിയിച്ചിട്ടുണ്ട്. എന്നാൽ 14 ദിവസം കഴിഞ്ഞുള്ള കരാർ ഉടമ്പടി പിഴ കൂടാതെ ആണ് തയ്യാറാക്കിയിരിക്കുന്നത്. പിഴ ഈടാക്കാത്തതിനു വിശദീകരണം നൽകാനായി ഓഡിറ്റ് എൻക്വയറി നമ്പർ 3,6,15 നൽകിയിരുന്നതിനു മറുപടിയായി പിഴ തുക ഉടൻ ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

വിശദവിവരം ചുവടെ കൊടുക്കുന്നു.

1) താഴെ കാണിച്ച പ്രവൃത്തിയുടെ കരാർ ഉടമ്പടി 2/1/19 നകം തയ്യാറാക്കേണ്ടതായിരുന്നു. 19/12/2018 AE-KMTR/S-44/2018-19 കത്ത് പ്രകാരം ഈ കാര്യം കരാറുകാരനെ അറിയിച്ചിട്ടുണ്ട്. അതേ തീയതിയിൽ തന്നെ കരാറുകാരൻ കത്ത് കൈപ്പറ്റുകയുണ്ടായി. എന്നാൽ കരാർ ചമച്ചത് 7/1/2019 നാണ്. പി എ സി തുകയുടെ 1% വരുന്ന തുക (മിനിമം 1000/- രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്റ്റിന്റെ നമ്പർ | 110/19-20 |
| പേര് | എക്സ്റ്റൻഷൻ വർക്ക് -മുയ്യം കട്ടകളം |
| എസ്റ്റിമേറ്റ് തുക | 500000 |
| പി എ സി തുക | 493869 |
| കരാറുകാരന്റെ പേര് | സിജു.കെസി |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| പിഴ തുക | 4939/- |

2) താഴെ കാണിച്ച പ്രവൃത്തിയുടെ കരാർ ഉടമ്പടി 2/1/19 നകം തയ്യാറാക്കേണ്ടതായിരുന്നു. എന്നാൽ

കരാർ ചമച്ചത് 11/1/2019 നാണ്. ആയതിനാൽ പി എ സി തുകയുടെ 1% വരുന്ന തുക പിഴ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്റ്റിന്റെ നമ്പർ | 53/19-20 |
| പേര് | BT വർക്-പെരുമ്പ അംബലം റോഡ് |
| എസ്റ്റിമേറ്റ് തുക | 713000 |
| പി എ സി തുക | 691875 |
| കരാറുകാരന്റെ പേര് | പോൾ എംഡി |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| ഈടാക്കേണ്ട പിഴ | 6919 |

3) താഴെ കാണിച്ച പ്രവൃത്തിയുടെ കരാർ ഉടമ്പടി 2/1/19 നകം തയ്യാറാക്കേണ്ടതായിരുന്നു. എന്നാൽ കരാർ ചമച്ചത് 7/1/2019 നാണ്. ആയതിനാൽ പി എ സി തുകയുടെ 1% വരുന്ന തുക പിഴ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ | 102/19-20 |
| പേര് | പൂമംഗലം പരവളം ക്ഷനം റോഡ് ടാറിംഗ് |
| എസ്റ്ററിമേറ്റ് തുക | 500000 |
| പി എ സി തുക | 482161 |
| കരാറുകാരന്റെ പേര് | സിജു.കെസി |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| ഈടാക്കേണ്ട പിഴ | 4822 |

4)താഴെ കാണിച്ച പ്രവൃത്തിയുടെ കരാർ ഉടമ്പടി 2/1/19 നകം തയ്യാറാക്കേണ്ടതായിരുന്നു.എന്നാൽ കരാർ ചമച്ചത് 16/1/2019 നാണ്. ആയതിനാൽ പി എ സി തുകയുടെ 1% വരുന്ന തുക പിഴയായി ഈടാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ | 58/19-20 |
| പേര് | മുച്ചം കൊട്ടിച്ചാൽ റോഡ് ടാറിംഗ് |
| എസ്റ്ററിമേറ്റ് തുക | 500000 |
| പി എ സി തുക | 484376 |
| കരാറുകാരന്റെ പേര് | സതീശൻ.ടി |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| ഈടാക്കേണ്ട പിഴ | 4844 |

5)താഴെ കാണിച്ച പ്രവൃത്തിയുടെ കരാർ ഉടമ്പടി 2/1/19 നകം തയ്യാറാക്കേണ്ടതായിരുന്നു.19/12/2018 ലെ AE-KMTR/S-38/2018-19 നംപർ കത്ത് പ്രകാരം ഇക്കാര്യം ആവശ്യപ്പെട്ടിരുന്നു. അതേ തീയതി തന്നെ കരാറുകാരൻ കത്ത് കൈപ്പറ്റിയിരുന്നു. എന്നാൽ കരാർ ചമച്ചത് 16/1/2019 നാണ്.ഈ സാഹചര്യത്തിൽ പി എ സി തുകയുടെ 1% വരുന്ന തുക പിഴയായി ഈടാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ | 66/19-20 |
| പേര് | എസ് എസ് കോളജ് -പനക്കാട് റോഡ് റീ ടാറിംഗ് |
| എസ്റ്ററിമേറ്റ് തുക | 500000 |
| പി എ സി തുക | 490368 |
| കരാറുകാരന്റെ പേര് | സതീശൻ ടി |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| ഈടാക്കേണ്ട പിഴ | 4904 |

6) താഴെ കാണിച്ച പ്രവൃത്തിയുടെ കരാർ ഉടമ്പടി 2/1/19 നകം തയ്യാറാക്കേണ്ടതായിരുന്നു.19/12/2018 ലെ AE-KMTR/S-30/2018-19 നംപർ കത്ത് പ്രകാരം ആയത് ആവശ്യപ്പെട്ടിരുന്നു. അതേ തീയതി തന്നെ കരാറുകാരൻ കത്ത് കൈപ്പറ്റിയിരുന്നു. എന്നാൽ കരാർ ചമച്ചത് 11/1/2019 നാണ്.ഈ സാഹചര്യത്തിൽ പി എ സി തുകയുടെ 1% വരുന്ന തുക പിഴയായി ഈടാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ | 55/19-20 |
| പേര് | BT Worrks -മലരട്ട കവിഡങ്ങാട് റോഡ് |

| | |
|---|---|
| എസ്ററിമേറ്റ് തുക | 500000 |
| പി എ സി തുക | 484230 |
| കരാറുകാരന്റെ പേര് | എംഡി പോൾ |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |
| ഈടാക്കേണ്ട പിഴ | 4842 |

പിഴ ഇനത്തിൽ ആകെ ഈടാക്കേണ്ട തുക 31270/- രൂപ (4939+6919+4822+4844+4904+ 4842=31270) കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്തു ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കുന്നതാണ്.

## 1-36 കംപ്യൂട്ടർ ,അനുബന്ധ ഉപകരണങ്ങൾ വാങ്ങിയത്- കൈപ്പറ്റു രശീതി,ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എന്നിവ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ | 180/20 |
| പേര് | എ.ഇ. ഓഫീസിലേയ്ക്ക് കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| എസ്റ്റിമേറ്റ് തുക | 75000/- |
| ഫണ്ട് ഇനം | മെയിന്റനൻസ് നോൺറോഡ് |
| ചെലവ് തുക | 67930 |
| ബിൽ നമ്പർ / തീയതി | 2006900600753/23.09.2019 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

മേൽ പ്രൊജക്ട് പ്രകാരം കെൽട്രോണിൽ നിന്നും നികുതികൾ ഉൾപ്പെടെ ആകെ 67930/- രൂപയുടെ കംപ്യൂട്ടർ ഉപകരണങ്ങൾ വാങ്ങുകയും തുക കേരള സ്റ്റേറ്റ് ഐ ടി മിഷന്റെ അക്കൗണ്ടിലേയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങളുടെ വിശദവിവരം ചുവടെകൊടുക്കുന്നു.

| ഉപകരണം | എണ്ണം | തുക |
|---|---|---|
| ഡെസ്ക് ടോപ് കംപ്യൂട്ടറും മോണിറ്ററും | 1 | 42888.69 |
| കമ്പ്യൂട്ടർ ആക്സസറീസ് | 1 | 1715.55 |
| പ്രിന്റർ | 1 | 14281 |

ആയതിന്റെ കൈപ്പറ്റു രശീതി, ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എന്നിവ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (No.7 Dtd.18/2/2022) മറുപടിയിൽ ആയതിന് സമയം അനുവദിച്ചു തരണമെന്ന് ആവശ്യപ്പെട്ടിരുന്നു. സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-37 പ്രവൃത്തി പൂർത്തീകരിക്കുവാൻ വൈകി.പിഴ ഇനത്തിൽ തുക 20131/- രൂപ ഈടാക്കേണ്ടതാണ്

